# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 03 ഡിസംബർ–2012 ലക്കം 12**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


ഇടയലേഖനം ........................................................ 03
സർക്കുലർ ........................................................ 11
ഇടവക രജിസ്റ്ററുകളിൽ തെറ്റായി ചേർത്തിട്ടുള്ള
വിവരങ്ങൾ തിരുത്താനുള്ള രീതി ........................... 15
രൂപതാകച്ചേരി വാർത്തകൾ ........................................ 19
വിശ്വാസവർഷം ........................................ 21
മതബോധനരംഗം ........................................................ 26
ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 31
ചെറുപുഷ്പമിഷൻലീഗ് ........................................................ 33
കെ. സി. വൈ. എം. ........................................................ 46
കുടുംബപ്രേഷിതത്വം ........................................................ 58
സിയോൻ വാർത്തകൾ ........................................................ 66
ജീസസ് യൂത്ത്, ക്രിസ്റ്റീൻ ........................................ 69
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 71
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................ 75
ജയിൽ മിനിസ്ട്രി ........................................................ 77
സാമൂഹ്യ സേവനരംഗം (WSSS)........................................ 78
കേരള ലേബർ മൂവ്മെന്റ് ........................................ 80
***Mary Matha Arts & Science College*** ........................ 81
റേഡിയോ മാറ്റൊലി ........................................................ 84
മീഡിയാ കമ്മീഷൻ ........................................................ 86
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 88
ബിഷപ്പ്സ് പ്രോഗ്രാം ........................................................ 89
3-ാം പുസ്തകത്തിലെ വിഷയവിവരം ........................ 91

Happy Christmas

&

Blessed New Year



# തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക് ആശംസകൾ



Name : Dn. Varghese (Manoj) Kavalakkadan
Parish : Machikolly
Ordination : 26-12-2012



Name : Dn. Sebastian (Sunil) Madathil
Parish : Kenichira
Ordination : 27-12-2012



Name : Dn. Thomas (Aneesh) Kattamkottil
Parish : Sisumala
Ordination : 29-12-2012



Name : Dn. Devassia (Jaison) Kalliyatt
Parish : Seethamount
Ordination : 31-12-2012



Name : Dn. Thomas (Shiju) Iykkarakkanayil
Parish : Palankara
Ordination : 02-01-2013



# ഇടയലേഖനം



***Pastoral Letter No. 02/2012***
***Prot. No. 12944/2012***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പി ക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിന്റെ ഒരുക്കമായിട്ടുള്ള ഇരുപത്തഞ്ചു നോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. അതു പോലെതന്നെ പുതിയൊരു വർഷം – 2013 – നെ വരവേൽക്കാനും നാം ഒരുങ്ങുന്നു. ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ഏതാനും ആദ്ധ്യാത്മിക ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

പരിശുദ്ധ കന്യാമറിയത്തിനും മനുഷ്യകുലത്തിനും ലഭിച്ച ഒരു ശുഭവാർത്തയുടെ ഓർമ്മ അനുസ്മരിക്കുന്ന കാലമായതിനാൽ മംഗല വാർത്താക്കാലമെന്നും രക്ഷകന്റെ ആഗമനത്തെ കാത്തിരുന്നതിന്റെ ഓർമ്മയായതിനാൽ ആഗമനകാലം എന്നും ആരാധനക്രമ വർഷത്തിൽ ഇരുപത്തഞ്ച് നോമ്പുകാലം അറിയപ്പെടുന്നു. മംഗലവാർത്താക്കാലം, പിറവിക്കാലം, ദനഹാക്കാലം, നോമ്പുകാലം, ഉയിർപ്പുകാലം, ശ്ലീഹാ ക്കാലം, കൈത്താക്കാലം, ഏലിയാ–ശ്ലീവാ–മൂശക്കാലം, പള്ളിക്കൂദാശ ക്കാലം എന്നിങ്ങനെ ഒമ്പത് കാലഘട്ടങ്ങളായാണ് സീറോ മലബാർ ആരാധനാക്രമവർഷം തിരിച്ചിരിയ്ക്കുന്നത് എന്ന് നിങ്ങൾക്കറിയാം. അതിൽ ആദ്യത്തേതാണ് മംഗലവാർത്താക്കാലം അഥവാ ആഗമന കാലം. അവസാനത്തേതാകട്ടെ പള്ളിക്കൂദാശാകാലവും. നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ വിവിധഘട്ടങ്ങളാണ് ഈ തിരിവിന് അടിസ്ഥാനം. രക്ഷകനെ തരും എന്ന നല്ല വാർത്ത സ്വീകരിച്ച് അവിടു ത്തേയ്ക്ക് വേണ്ടിയുള്ള കാത്തിരുപ്പിൽ ആരംഭിച്ച് രക്ഷകനോടൊത്ത്

അവിടുത്തെ ജീവിതത്തിലൂടെ നടന്ന് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ അഥവാ സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുന്നതിന്റെ ഓർമ്മയാണ് പള്ളിക്കൂദാശക്കാലം. ഈ നടപ്പിനെ അഥവാ തീർത്ഥയാത്രയെയാണ് ആരാധനാക്രമവർഷത്തിലുടനീളം നമ്മൾ ആഘോഷിയ്ക്കുന്നത്. ക്രൈസ്തവ ജീവിതത്തിന്റെ ഒരു പ്രതീകമാണത്.

ക്രൈസ്തവജീവിതത്തിന്റെ ലക്ഷ്യം സ്വർഗ്ഗത്തിൽ എത്തിച്ചേരുകയാണ്. അതിനുള്ള മാർഗ്ഗം ക്രിസ്തുവിന്റെ കൈപിടിച്ച് അവിടുത്തോടൊപ്പം അവിടുത്തെ ജീവിതത്തിലൂടെ നമ്മളും കടന്നു പോകുക എന്നതാണ്. കർത്താവിന്റെ കൂടെ അവിടുത്തെ ജീവിതാനുഭവങ്ങളിലൂടെ കടന്നു പോകാതെ നമുക്ക് സ്വർഗ്ഗസൗഭാഗ്യം അനുഭവിയ്ക്കുക സാദ്ധ്യമല്ല. സ്വർഗ്ഗസൗഭാഗ്യം എന്നത് ദൈവവുമൊത്തുള്ള ജീവിതമാണ്. അവിടുത്തോടൊത്തുള്ള ജീവിതം എല്ലാം തികഞ്ഞതും പരിപൂർണ്ണ സന്തോഷത്തിന്റേതുമായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. അപ്രകാരമുള്ള ഒരു ജീവിതത്തിനായി നമ്മെ പ്രാപ്തരാക്കുന്ന രക്ഷാകര പദ്ധതിയുടെ ആദ്യ ഘട്ടമാണ് ക്രിസ്തുവിന്റെ ജനനം അഥവാ ക്രിസ്തുമസ്. അതുകൊണ്ടാണ് അത് സന്തോഷത്തിന്റേയും സമാധാനത്തിന്റേയും തിരുനാളായി നമ്മൾ കൊണ്ടാടുന്നത്. ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള എല്ലാ ആചാരാനുഷ്ഠാനങ്ങളും ഈ സന്തോഷത്തിന്റെ പ്രകടനങ്ങളാണ്. ഇപ്രകാരമുള്ള ഒരു ആദ്ധ്യാത്മികമാനം ഇല്ലാത്ത ആഘോഷങ്ങൾ അർത്ഥമില്ലാത്തവയാണ്. അത്തരത്തിലുള്ള പലതും നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളുടെ കൂടെ ഉണ്ട് എന്നതും വിസ്മരിക്കാനാവില്ല. ഇന്ന് നമ്മൾ കാണുന്ന തരത്തിലുള്ള ക്രിസ്തുമസ് പപ്പ അത്തരത്തിലുള്ള ഒന്നാണ്. ക്ലമന്റ് ക്ലാർക്ക് മൂർ എന്ന അമേരിക്കൻ കവി രചിച്ച വിശുദ്ധ നിക്കോളാസിന്റെ സന്ദർശനം എന്ന കവിതയിലൂടെയും തോമസ് നാസ്റ്റ് എന്ന അമേരിക്കൻ കാർട്ടൂണിസ്റ്റിന്റെ ചിത്രങ്ങളിലൂടെയും കൊക്കോ കോളാ കമ്പനിയുടെ പരസ്യത്തിലൂടെയും ഉരുത്തിരിഞ്ഞ ഒന്നാണത്. ഇനിയും അതെല്ലാം തുടരണമോ എന്ന് ഗൗരവമായി ചിന്തിക്കാൻ സമയമായി എന്ന് തോന്നുന്നു.

സന്തോഷം അഥവാ സ്വർഗ്ഗസൗഭാഗ്യം നേടാൻ എളുപ്പവഴികൾ പലതും ലോകം വാഗ്ദാനം ചെയ്തേക്കാം. എന്നാൽ അവയ്ക്കൊന്നിനും ശാശ്വതമായ സന്തോഷവും സമാധാനവും മനുഷ്യന് പ്രദാനം ചെയ്യാൻ കഴിവില്ല. സമ്പത്തും സ്ഥാനമാനങ്ങളും മറ്റ് ഭൗതികവസ്തുക്കളും താത്കാലികമായ സന്തോഷം മാത്രമേ പ്രദാനം ചെയ്യുന്നുള്ളു. മനുഷ്യനായി അവതരിച്ച ദൈവം നമ്മോട് പറയുന്നത് ഇക്കാര്യമാണ്.

ദൈവത്തിന്റെ ഇഷ്ടത്തിന് പ്രഥമസ്ഥാനം കൊടുത്ത യൗസേപ്പും മറിയ വുമാണ് ഇക്കാര്യത്തിൽ നമ്മുടെ മാതൃക. അപമാനം ഏറ്റു വാങ്ങിയും ലോകരക്ഷിതാവിനെ പ്രസവിച്ച് വളർത്തി വലുതാക്കി സ്വർഗ്ഗപിതാ വിന്റെ ഇഷ്ടം നിറവേറ്റിയ പരിശുദ്ധ അമ്മയും തന്റെ അഭിമാനത്തേയും എന്തിനേറെ ജീവനെ തന്നെയും തൃണവൽഗണിച്ച് അവളെ സ്വീക രിച്ച് തന്റേതല്ലാത്ത കുട്ടിയെ സംരക്ഷിച്ച് വളർത്തിയ വിശുദ്ധ യൗസേപ്പ് പിതാവും കടന്നുപോയ പാത തന്നെയാണ് ശാശ്വതവും യഥാർത്ഥവു മായ സന്തോഷത്തിലേയ്ക്കുള്ള പാത. മറ്റുള്ളവർക്ക് സന്തോഷം കൊടു ക്കാൻ വേണ്ടിയാണ് അവർ സഹിച്ചതെന്ന കാര്യവും നമ്മൾ പ്രത്യേകം ഓർക്കേണ്ടതുണ്ട്. മറ്റ് വാക്കുകളിൽ ഈ ലോകത്തിൽ സ്വർഗ്ഗവും നര കവും സൃഷ്ടിക്കുന്നവർ നമ്മൾ തന്നെയാണ്.

സ്വർഗ്ഗസൗഭാഗ്യത്തെ കേവലം നമ്മുടെ മരണശേഷം കിട്ടാനുള്ള ഒരവസ്ഥയായി മാത്രം മനസ്സിലാക്കേണ്ടതല്ല. ഉയിർപ്പിലാണല്ലോ സ്വർഗ്ഗ സൗഭാഗ്യം അനുഭവിക്കാൻ നമുക്ക് കഴിയുന്നത്. എന്നാൽ ഓരോ ക്രിസ്ത്യാനിയും ജ്ഞാനസ്നാനത്തിൽ കർത്താവിനോടൊത്ത് പാപ ത്തിന് മരിച്ച് ഉയിർത്തെഴുന്നേൽക്കുന്നു എന്ന് വചനം നമ്മെ ഉദ്ബോ ധിപ്പിക്കുന്നു (റോമ. 6:3-8). ജ്ഞാനസ്നാനസമയത്ത് ജലത്തിൽ മുങ്ങി എഴുന്നേൽക്കുന്നത് അഥവാ നമ്മുടെ തലയിൽ ജലം ഒഴിക്കുന്നത് ഈ മരണത്തിന്റേയും ഉത്ഥാനത്തിന്റേയും പ്രതീകമാണ്. ജ്ഞാനസ്നാന സമയത്ത് നമുക്ക് തരുന്ന വെള്ളവസ്ത്രം നാം ക്രിസ്തുവിൽ ആരംഭി ക്കുന്ന നവജീവിതത്തിന്റെ പ്രതീകമാണ്. കത്തിച്ച തിരിയാകട്ടെ ക്രിസ്ത്യാനി എപ്പോഴും ക്രിസ്തുവിന്റെ കൂടെ നടക്കണമെന്നും എല്ലാ കാര്യങ്ങളേയും അവിടുന്ന് തരുന്ന പ്രകാശത്തിൽ നോക്കിക്കാണണ മെന്നും നമ്മെ അനുസ്മരിപ്പിക്കുന്നു. അങ്ങനെ ക്രിസ്തുവിനോടൊപ്പം ക്രിസ്തുവാകുന്ന പ്രകാശത്തിൽ സഞ്ചരിക്കുന്നവർക്കാണ് അവിടുന്ന് സ്വർഗ്ഗസൗഭാഗ്യം അഥവാ പൂർണ്ണസന്തോഷം വാഗ്ദാനം ചെയ്തിരി ക്കുന്നത്. ഈ വസ്തുതയാണ് നാം ആരാധനാക്രമവർഷത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ അനുസ്മരിക്കുന്നതും ജീവിക്കാൻ ശ്രമിക്കു ന്നതും. അതുകൊണ്ട് മംഗലവാർത്താക്കാലത്തേയും രക്ഷകന്റെ ജനനത്തെ അനുസ്മരിക്കുന്ന ക്രിസ്തുമസിനേയും അതോടനുബന്ധിച്ച് വരുന്ന പിറവിക്കാലത്തെയും ഒന്നും ഒറ്റപ്പെട്ട സംഭവങ്ങളായി കാണാൻ കഴിയുകയില്ല. ഒന്ന് മറ്റൊന്നിന്റെ തുടർച്ചയും മറ്റൊന്നിലേയ്ക്ക് നയിക്കു ന്നതുമാണ്.

ദൈവം വാഗ്ദാനം ചെയ്ത രക്ഷകനെ നമ്മുടെ പൂർവ്വ

പിതാക്കന്മാർ കാത്തിരുന്നതിന്റെ ഓർമ്മയാണ് ആഗമനകാലം. കാത്തിരുന്ന എല്ലാവർക്കും രക്ഷകൻ വന്നപ്പോൾ അവിടുത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. താൻ തന്നെയാണ് രക്ഷകൻ എന്ന് തെളിച്ച് പറഞ്ഞ യേശുവിനെ അധികാരികൾ ദൈവദൂഷണം പറയുന്നവനായി മുദ്രകുത്തി കൊല്ലുകയാണ് ചെയ്തത്. എന്തുകൊണ്ടാണ് ആറ്റ് നോറ്റ് കാത്തിരുന്ന രക്ഷകനെ അവർക്ക് തിരിച്ചറിയാൻ കഴിയാതെ പോയത്? രക്ഷകനെപ്പറ്റി അവർക്കുണ്ടായിരുന്ന തെറ്റായ സങ്കൽപ്പമാണ് അതിന് കാരണം. വലിയ രാജകൊട്ടാരത്തിലാണ് അവർ രക്ഷകനെ പ്രതീക്ഷിച്ചത്. രക്ഷകൻ വരുന്നത് ദാവീദിന്റെ വംശപരമ്പരയിൽ നിന്നാണ് എന്നവർക്ക് അറിയാമായിരുന്നു. ദാവീദ് ഇസ്രായേലിന്റെ രാജാവായിരുന്നു. അങ്ങനെയെങ്കിൽ അവന്റെ പുത്രനും രാജാവായിരിക്കണം. മാത്രമല്ല റോമാക്കാരുടെ അടിമത്തത്തിൽ നിന്ന് തങ്ങളെ രക്ഷിച്ച് തേനും പാലുമൊഴുകുന്ന ഒരു രാജ്യം സ്ഥാപിക്കാൻ ഒരു രാജാവിനല്ലേ കഴിയുകയുള്ളൂ. ഇങ്ങനെ പോയി രക്ഷകനെപ്പറ്റിയുള്ള അവരുടെ ചിന്ത. അതുകൊണ്ട് തന്നെ കാലിത്തൊഴുത്തിൽ പിറന്ന് സഹിച്ച് മരിക്കുന്ന ഒരു രക്ഷകനെ അവർക്ക് ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാരുടെ കൂടെ കൂടിയ കർത്താവിനെ അവർക്ക് തിരിച്ചറിയാൻ കഴിയാതെ പോയതും ഇതുകൊണ്ട് തന്നെ. (ലൂക്ക. 24:16) ഇടത്തും വലത്തും സ്ഥാനങ്ങൾ ആവശ്യപ്പെട്ട് വരുന്ന ശിഷ്യന്മാരുടേയും ചിന്ത മറിച്ചായിരുന്നില്ല (മർക്കോസ് 10, 35). എളിയ നിലയിൽ ജനിച്ച് സഹിച്ച് മരിക്കുന്ന രക്ഷകനെപ്പറ്റി പ്രവാചകനിലൂടെ കർത്താവായ ദൈവം അരുളിച്ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ഏശയ്യാ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്ത സഹിക്കുന്ന ദാസന്റെ ആശയം ഉൾക്കൊള്ളാൻ ഇസ്രായേൽക്കാരിൽ ഭൂരിപക്ഷവും തയ്യാറായിരുന്നില്ല. അല്ലെങ്കിൽ അവർക്കതിന് കഴിഞ്ഞില്ല.

ആഗമനകാലം രക്ഷകനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ സമയമാണെന്ന് പറഞ്ഞല്ലോ. എന്നാൽ രക്ഷകനെ നമുക്ക് തിരിച്ചറിയാൻ കഴിയണമെങ്കിൽ ചില വ്യവസ്ഥകൾ നമ്മൾ പാലിച്ചേ മതിയാകൂ. മണവാളനെ കാത്തിരുന്ന ബുദ്ധിമതികളായ കന്യകമാരുടെ കൈകളിലുണ്ടായിരുന്ന വിളക്കുകളിൽ അവർ എണ്ണ നിറച്ചിരുന്നതുപോലെ നമ്മുടെ ഹൃദയങ്ങളും മനസുകളുമാകുന്ന വിളക്കുകളിൽ എളിമയുടേയും കാരുണ്യത്തിന്റേയും പരസ്നേഹത്തിന്റേയും പങ്കുവയ്ക്കലിന്റേയും എല്ലാം എണ്ണ നിറച്ചിരിക്കണം. പരമപരിശുദ്ധി തന്നെയായ അവിടുത്തെ സമീപിക്കാൻ നമ്മൾ നമ്മളെ തന്നെ വിശുദ്ധീകരിക്കണം. തിന്മകൾക്ക്

അടിപ്പെട്ടവർ അതിൽ നിന്ന് മോചനം പ്രാപിച്ചിരിക്കണം. ചുരുങ്ങിയ പക്ഷം അതിനുള്ള തീരുമാനമെങ്കിലും എടുത്തിരിക്കണം. മണവാളന്റെ കൂടെയുള്ളവരുടെ വിളി കേൾക്കാൻ പാകത്തിന് നമ്മുടെ മനസ്സുകൾ ഭൗതികവസ്തുക്കളിൽ നിന്ന് അകന്ന് ദൈവത്തിൽ ഏകാഗ്രമാക്കിയിരിക്കണം. അതുപോലെ ദൈവികകാര്യങ്ങളിലുള്ള ആലസ്യമായ ഉറക്കച്ചടവില്ലാതെ ഉണർന്നിരിക്കുകയും വേണം. കിട്ടുന്ന അവസരം നഷ്ടപ്പെടുത്തിയാൽ പിന്നെ കിട്ടിയെന്ന് വരില്ല.

ദൈവം വാഗ്ദാനം ചെയ്ത രക്ഷയെപ്പറ്റിയും രക്ഷകനെപ്പറ്റിയും നമുക്ക് ശരിയായ കാഴ്ചപ്പാട് ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. രക്ഷകനെ കണ്ടെത്തുക എന്ന് പറഞ്ഞാൽ നിത്യരക്ഷയ്ക്കുള്ള അഥവാ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കാനുള്ള മാർഗ്ഗം കണ്ടെത്തുക എന്ന് തന്നെയാണ് അർത്ഥം. കർത്താവിന്റെ കൂടെ നടന്ന അവിടുത്തെ ശ്രവിക്കാൻ തയ്യാറാകുക എന്നാണതിനർത്ഥം. തങ്ങളുടെ കൂടെക്കൂടിയ അപരിചിതനെ തുറന്ന ഹൃദയത്തോടെ ശ്രവിക്കാൻ കഴിഞ്ഞപ്പോഴാണ് രക്ഷകനെപ്പറ്റിയുള്ള വിശുദ്ധലിഖിതഭാഗങ്ങൾ എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുവരെ അവരുടെ മനസ്സുകൾ കേവലം മാനുഷികമായി മാത്രം ചിന്തിക്കുന്നവയായിരുന്നു. ആഗമനകാലത്ത് നമ്മുടെ മനസ്സുകളേയും ഹൃദയങ്ങളേയും രക്ഷകനെ മനസ്സിലാക്കാൻ നമ്മൾ ഒരുക്കേണ്ടിയിരിക്കുന്നു. അതിന് നമ്മുടെ ലൗകികമായ എല്ലാ ചിന്തകളിൽ നിന്നും അവയെ സ്വതന്ത്രമാക്കണം. ഈ ലോകത്തിൽ ഉടക്കിക്കിടക്കുന്ന ഒരു മനസ്സിന് ഒരിക്കലും രക്ഷകനെ കണ്ടെത്താൻ കഴിയുകയില്ല. അതുപോലെ തന്നെ ഈ ലോകത്തിനപ്പുറം ഒന്നുമില്ല എന്ന് ചിന്തിക്കുന്നവർക്കും അത് സാദ്ധ്യമാകുകയില്ല. പാപകരമായ അവസ്ഥയിൽ ജീവിക്കുന്നവർക്ക് ആ അവസ്ഥയിൽ നിന്ന് പാപമോചനശുശ്രൂഷയിലൂടെ വിശുദ്ധിയുടെ വഴിയിലേയ്ക്ക് തിരിയാനുള്ള ആഹ്വാനമാണ് ഈ ആഗമനകാലം തരുന്നത്. വ്യക്തിപരവും കുടുംബപരവും സമൂഹപരവും ആയ എല്ലാ പാപങ്ങളിൽ നിന്നും പിൻതിരിഞ്ഞ് രക്ഷകനെ സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം.

എമ്മാവൂസിൽ വച്ച് അപ്പം മുറിക്കൽ ശുശ്രൂഷയിലാണ് കർത്താവിനെ ശിഷ്യന്മാർ തിരിച്ചറിഞ്ഞത്. അതോടെ അവൻ അവരിൽ നിന്ന് അപ്രത്യക്ഷനാകുകയും ചെയ്തു. അതിനർത്ഥമെന്താണ്? ആ അപ്പം മുറിക്കൽ ശുശ്രൂഷ വിശുദ്ധ കുർബാനയെ ആണ് സൂചിപ്പിക്കുന്നത്. എമ്മാവൂസ് സംഭവം വിവരിക്കുന്ന വിശുദ്ധ ലൂക്കാ സുവിശേഷകൻ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നടന്നിരുന്ന അപ്പം മുറിക്കൽ

ശുശ്രൂഷയെ മനസ്സിൽ കണ്ടുകൊണ്ടാണ് ഈ ഭാഗം എഴുതിയത് എന്ന് വ്യക്തമാണ്. അതിലൂടെ അദ്ദേഹം ഒരു കാര്യം ക്രിസ്ത്യാനികളെ അനുസ്മരിപ്പിക്കുന്നു: ഇനി മുതൽ നിങ്ങൾ രക്ഷകനെ കണ്ടെത്തേണ്ടത് വിശുദ്ധകുർബാനയിലാണ്. നിങ്ങൾ പരസ്പര സ്നേഹത്തിൽ ഒരുമിച്ച് കൂടി അവിടുത്തെ ഓർമ്മയാചരിക്കുകയും അവിടുത്തേപ്പോലെ പ്രവർത്തിക്കാൻ തയ്യാറാകുകയും ചെയ്യുമ്പോഴേ നിങ്ങൾക്ക് രക്ഷകനെ മനസ്സിലായി എന്ന് പറയാൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമേ നിങ്ങൾ യഥാർത്ഥ ക്രിസ്തുശിഷ്യനാകുന്നുള്ളൂ. അങ്ങനെ മാത്രമേ നിങ്ങൾക്ക് കാലിത്തൊഴുത്തിൽ പിറന്ന ശിശുവിനെ രക്ഷകനായി അംഗീകരിക്കാൻ സാധിക്കുകയുള്ളു. ഈ ആഗമനകാലത്ത് നമ്മുടെ പരിശ്രമവും ഇപ്രകാരം ക്രിസ്തുശിഷ്യർക്ക് അനുയോജ്യമായ ഒരു ജീവിതത്തിന്റെ ഉടമകളാകാനാകണം. അങ്ങനെയാണ് നമ്മൾ രക്ഷകനെ സ്വീകരിക്കാൻ നമ്മെത്തന്നെ ഒരുക്കുന്നത്.

രക്ഷനെ തിരിച്ചറിഞ്ഞവരുടെ സന്തോഷമാണ് പുൽക്കൂടും, ക്രിസ്തുമസ് ട്രീയും, ക്രിസ്തുമസ് കാർഡും, ക്രിസ്തുമസ് കരോളും, ക്രിസ്തുമസ് കേക്കും എല്ലാം വിളിച്ചോതുന്നത്. കാർഡും സമ്മാനങ്ങളും കൈമാറുമ്പോൾ ദൈവത്വം കേവലം ഉച്ഛിഷ്ടം പോലെ കരുതി നമ്മേപ്പോലെ മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിന്റെ മനോഭാവം നമ്മൾ സ്വീകരിക്കുകയാണ്. നിർഭാഗ്യവശാൽ ഇവയെല്ലാം ഇന്ന് ഔദ്യോഗികതയുടെ പേരിലുള്ള ഒരു ചടങ്ങായി മാറിയപോലെ തോന്നുന്നു. തന്നെത്തന്നെ നമ്മുടെ ഭക്ഷണമായി തന്ന ക്രിസ്തുവിന്റെ സ്വയം ശൂന്യവത്കരണത്തിനുള്ള മനസ്സില്ലാതെയുള്ള സമ്മാനക്കൈമാറ്റങ്ങൾ അർത്ഥശൂന്യങ്ങളായി മാറുന്നു. മാത്രമല്ല, ലാഭം ലക്ഷ്യമാക്കിയുള്ള വലിയ ബിസിനസ്സ് ആയും ഇവയെല്ലാം മാറിയിരിക്കുന്നു. അറിഞ്ഞോ അറിയാതെയോ നാമെല്ലാം അതിൽ പങ്കുകാരാകുകയും ചെയ്യുന്നു. ഈ സ്ഥിതി മാറിയേ പറ്റൂ.

കേരളത്തിൽ ഏറ്റവുമധികം മദ്യം വിറ്റഴിക്കപ്പെടുന്ന ഒരു കാലഘട്ടമാണ് ക്രിസ്തുമസ്. ക്രിസ്തുമസിനെ മദ്യത്തിൽ മുക്കുന്നവർ പറയാതെ പറയുന്ന ഒരു കാര്യമുണ്ട്. ഞങ്ങൾക്ക് സന്തോഷം തരുന്നത് രക്ഷകനായി അവതരിച്ച യേശുക്രിസ്തുവല്ല, നിത്യരക്ഷയിലുള്ള പ്രത്യാശയുമല്ല, പ്രത്യുത മദ്യക്കമ്പനികൾ നിർമ്മിച്ചു നൽകുന്ന വിഷദ്രാവകമാണ്. ക്രിസ്തുമസ്സ് എന്ന് പറയുന്നത് ഞങ്ങൾക്ക് മദ്യം കഴിക്കാനുള്ള ഒരവസരം മാത്രം. പലരും നോമ്പ് കാലത്ത് മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങൾ നിർത്താറുണ്ട്. എന്നാൽ നോമ്പിനു ശേഷം

പൂർവ്വാധികം ഊർജ്ജസ്വലതയോടെ അവയിൽ മുഴുകുകയും ചെയ്യുന്നു. ഇതും അർത്ഥശൂന്യമായ അനുഷ്ഠാനമാണ്. മദ്യാസക്തിയും പുകവലിയുമെല്ലാം അതിൽ തന്നെ തിന്മയാണ് എന്നതിന് പുറമെ, അവ വീട്ടുകാർക്കും നാട്ടുകാർക്കും എല്ലാം ഉതപ്പിനും അസ്വസ്ഥതയ്ക്കും കാരണമാക്കുന്നു എന്ന ചിന്തയുണ്ടാകുകയും അവയിൽ നിന്ന് പരിപൂർണ്ണ മുക്തി നേടുകയും ചെയ്യണം. പിന്നീടത് തുടരാനും പാടില്ല. അപ്പോഴാണ് രക്ഷകനെ സ്വീകരിക്കാൻ നമ്മൾ ഒരുങ്ങി എന്ന് പറയാൻ കഴിയുന്നത്.

നമ്മുടെ സമൂഹത്തിൽ നടമാടുന്ന അഴിമതിയും അക്രമവും അസഹിഷ്ണുതയും മറ്റും രക്ഷകനെ തിരിച്ചറിയാൻ നമുക്ക് കഴിയുന്നില്ല എന്നതിന്റെ അടയാളമാണ്. ഈയടുത്ത കാലത്തായി നമ്മുടെ രൂപതയുടെ ഭൂരിഭാഗവും ഉൾക്കൊള്ളുന്ന വയനാട് ജില്ല കടുവായെ പേടിച്ച് കഴിയുകയാണല്ലോ. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്ന് നമ്മൾ ആഴത്തിൽ ചിന്തിക്കേണ്ടതാണ്. കാടിനേയും കാട്ടുമൃഗങ്ങളേയും പരിസ്ഥിതിയേയും നമ്മൾ സംരക്ഷിച്ചേ മതിയാകു. കാരണം അവ മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ദൈവം തന്നെ ഈ ഭൂമിയിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്തിയിട്ടുണ്ട്. അത് നമ്മൾ തകിടം മറിച്ചാൽ പ്രകൃതി തിരിച്ചടിക്കും. അതിന്റെ ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സൃഷ്ടിയുടെ മകുടം മനുഷ്യനാണ് എന്ന് വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ ഈ പ്രപഞ്ചം നിലകൊള്ളേണ്ടത് മനുഷ്യന്റെ നന്മയ്ക്ക് വേണ്ടിയാണ്. അതിന് വേണ്ടി തന്നെയാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടതും.

എന്നാൽ ഇവിടെ സംഭവിക്കുന്നത് എന്താണ്? മനുഷ്യനെ സംരക്ഷിക്കുക എന്ന പരമമായ ലക്ഷ്യത്തെ മറന്നിട്ട് ചിലരുടെ സ്വാർത്ഥ ലക്ഷ്യങ്ങൾക്കായി പരിസ്ഥിതിസംരക്ഷണം എന്ന മഹത്തായ ലക്ഷ്യം വഴി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഈ സാഹചര്യങ്ങൾ നമ്മെ ക്കൊണ്ടെത്തിക്കുന്നത് വലിയ അസമാധാനത്തിലേയ്ക്കും അരാജകത്വത്തിലേയ്ക്കും ആയിരിക്കും. ജനങ്ങളുടെ വോട്ടു നേടി ഭരണത്തിലേറുന്നവരും ഭരണകർത്താക്കളുടെ ആജ്ഞകൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥവൃന്ദവും ഇവരെയെല്ലാം ചുറ്റിപറ്റി നടക്കുന്ന അണികളും സത്യസന്ധവും സുതാര്യവും അഴിമതിയുടെ കറ പുരളാത്തതുമായ രീതികൾ സ്വീകരിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ പ്രവചനാതീതമായിരിക്കും. ജനങ്ങൾക്ക് പേടി കടുവയെ അല്ല, പ്രത്യുത, കടുവാസംരക്ഷണത്തിന്റെ പേരിൽ തങ്ങളുടെ ജീവിതം നരകതുല്യ

മാക്കുന്നവരെയാണ്. നമുക്കും ഇതിൽ വലിയൊരു പങ്ക് നിർവ്വഹിക്കാനുണ്ട്. കാരണം മേൽപ്പറഞ്ഞ എല്ലാ വിഭാഗത്തിലും നമ്മുടെ ആളുകളും ഉണ്ടല്ലോ. ക്രൈസ്തവ വിശ്വാസത്തിനും ധാർമ്മികതയ്ക്കും മൂല്യങ്ങൾക്കും പ്രഥമസ്ഥാനം കൊടുത്തുകൊണ്ട് നാം നമ്മുടെ വിശ്വാസത്തിന് സാക്ഷികളാകണം. നമ്മെ കണ്ടിട്ട് സമൂഹത്തിലെ കുറേപ്പേരെങ്കിലും അതനുകരിക്കും. ഈ ആഗമനകാലം എല്ലാവർക്കും ഒരാത്മശോധനയ്ക്ക് അവസരം നൽകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

അടുത്ത് തന്നെ നാം 2012 നോട് വിട പറയുകയും 2013 നെ വരവേൽക്കുകയും ചെയ്യുകയാണല്ലോ. കഴിഞ്ഞ വർഷം ദൈവം നമുക്ക് നൽകിയ എല്ലാ കൃപകൾക്കും അവിടുത്തേയ്ക്ക് നന്ദി പറയാം. അതുപോലെ തന്നെ നമ്മൾക്ക് പറ്റിയ വീഴ്ചകൾക്ക് മാപ്പപേക്ഷിക്കാം. പരാജയങ്ങളിൽ മനസ്സുനൊന്ത് കഴിയാതെ പ്രത്യാശയോടെ മുമ്പോട്ട് പോകാനുള്ള ശക്തി നിങ്ങൾക്കേവർക്കും അവിടുന്ന് പ്രദാനം ചെയ്യട്ടെ.. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവർഷം ആശംസിക്കുന്നു. പോയ വർഷത്തെ പരാജയങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് പുതിയ വർഷത്തെ നമുക്ക് വിജയപ്രദമാക്കാം. ഏവർക്കും സന്തോഷകരവും ദൈവാനുഗ്രഹപ്രദവുമായ ആഗമനകാലവും ക്രിസ്തുമസ്സും ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യലയത്തിൽ നിന്ന് 2012 നവംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2012 ഡിസംബർ മാസം 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 07/2012***
***Prot. No. 12940/2012***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ആഹ്വാനപ്രകാരം ഈ വർഷം വിശ്വാസവർഷമായി നാം ആചരിക്കുകയാണല്ലൊ. നമ്മൾ എന്താണ് വിശ്വസിക്കുന്നത് എന്ന് വ്യക്തമായി മനസ്സിലാക്കാനും അത് ജീവിക്കാനുമുള്ള വർഷമായിട്ടാണ് പരിശുദ്ധ പിതാവ് ഈ വർഷത്തെ വിഭാവനം ചെയ്തിട്ടുള്ളത്. നമ്മൾ വിശ്വസിക്കുന്ന കാര്യം മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നതും ഏറെ പ്രധാനപ്പെട്ടതാണ്. അതിനാണ് നമ്മൾ മിഷനറി പ്രവർത്തനം എന്ന് പറയുന്നത്. എല്ലാവരും അവരവരുടേതായ തലങ്ങളിൽ മിഷണറിമാരാണ്. എന്നാൽ ഇതൊരു ജീവിതദൗത്യമായി സ്വീകരിച്ചിട്ടുള്ളവരെ നാം പ്രത്യേകമായി പരിഗണിക്കുന്നു. ഇന്ത്യയിലും ഇന്ത്യയ്ക്കുപുറത്തും ധാരാളം പേർ മിഷണറിമാരായിട്ടുണ്ട്. അവരെ നമ്മുടെ പ്രാർത്ഥനകൊണ്ടും സാമ്പത്തികസഹായം കൊണ്ടും പിൻതുണയ്ക്കേണ്ടതുണ്ട്. ഒക്ടോബർ മാസത്തിൽ നമ്മൾ മിഷൻ ഞായർ ആചരിച്ചല്ലോ. ഒരു വ്യക്തിഗത സഭയെന്ന നിലയിൽ സീറോ മലബാർ സഭ മറ്റൊരു ദിവസവും മിഷൻ ദിനമായി ആചരിക്കുന്നുണ്ട്. കാരണം ഓരോ വ്യക്തിഗത സഭയ്ക്കും സുവിശേഷപ്രവർത്തനങ്ങൾ നടത്താൻ കടമയുണ്ട്. സുവിശേഷ പ്രവർത്തനമില്ലാത്ത ഒരു സഭയ്ക്ക് നിലനിൽപ്പില്ല. ക്രൈസ്തവ ജീവിതവുമില്ല.

ഛാന്ദാ, അഡീലാബാദ്, സാത്ന, സാഗർ, ജഗദൽപ്പൂർ, ബിജ്നോർ, രാജ്ക്കോട്ട്, ഗോരഖ്പ്പൂർ, ഉജ്ജൈൻ, കല്യാൺ, ഫരീദാബാദ് എന്നിങ്ങനെ പതിനൊന്ന് മിഷൻ രൂപതകൾ സീറോ മലബാർ സഭയ്ക്കുണ്ട്. ഏതാണ്ട് അതേ പ്രകൃതിയിൽ തന്നെ ഉള്ളവയാണ് ബെൽത്തങ്ങാടി, രാമനാഥപുരം, മണ്ഡ്യ, ഭദ്രാവതി, തക്കലെ എന്നീ രൂപതകളും. ഈ രൂപതകളെ എല്ലാ തരത്തിലും സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. അവിടേയ്ക്കെല്ലാം വൈദികരാകാൻ നമ്മുടെ കുടും

ബങ്ങളിൽ നിന്ന് കുട്ടികളെ നമ്മൾ പ്രോത്സാഹിപ്പിക്കണം. കാരണം വൈദികരില്ലാതെ രൂപതകൾക്ക് നിലനിൽക്കാൻ പറ്റുകയില്ല. കത്തോലിക്കരുടെ എണ്ണം വളരെ പരിമിതമായ ഈ രൂപതകളിൽ നിന്ന് വൈദിക ജീവിതത്തിലേയ്ക്ക് ആവശ്യത്തിന് അർത്ഥികളെ കിട്ടാൻ ഇനിയും വർഷങ്ങൾ കാത്തിരിക്കണം.

അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് നമ്മുടെ പ്രാർത്ഥനയും. ഈ രൂപതകളിൽ പ്രവർത്തിക്കുന്നവർക്ക് ഏറെ പ്രതിസന്ധികൾ നേരിടേണ്ടതുണ്ട്. അതിനെല്ലാം അവർക്ക് ശക്തി കിട്ടുന്നതിനായി നിരന്തരം നമ്മൾ അവർക്ക് വേണ്ടി പ്രാർത്ഥിക്കണം.

സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഈ രൂപതകളെല്ലാം അനുഭവിക്കുന്നുണ്ട് എന്ന് പറയേണ്ടതില്ലല്ലോ. അക്കാര്യത്തിലും നമ്മുടെ നിർലോഭമായ സഹകരണം ഉണ്ടാകണം. നമ്മുടെ രൂപതയിലെ ഒട്ടുമിക്ക ഇടവകപ്പള്ളികളും പള്ളി മുറികളും, സൺഡേസ്കൂൾ കെട്ടിടങ്ങളും പണിയാൻ വിദേശത്തുള്ള കത്തോലിക്കരുടെ സംഭാവന കിട്ടിയിട്ടുണ്ട് എന്ന് നിങ്ങൾക്കറിയാം. അവരാരും വലിയ പണക്കാരോ പണം മിച്ചമുള്ളവരോ ആയതുകൊണ്ടല്ല, പ്രത്യുത അവരുടെ കത്തോലിക്കാ വിശ്വാസം അവർ ഗൗരവത്തോടെ കാണുന്നതുകൊണ്ടാണ് തങ്ങളുടെ ദാരിദ്ര്യത്തിൽ നിന്ന്പോലും നമുക്ക് വേണ്ടി സഹായം നൽകിയത്. കാരണം മറ്റൊന്നുമല്ല, പങ്ക് വയ്ക്കാത്ത വിശ്വാസം കത്തോലിക്കാ വിശ്വാസമല്ല. നമുക്ക് മിച്ചമുണ്ടായിട്ട് കൊടുക്കാം എന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവർക്ക് തെറ്റിപ്പോയി എന്ന് പറയണം. എത്ര ഉണ്ടായാലും നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ പറ്റുകയില്ല. മാത്രമല്ല, കൂടുതൽ പണം ഉണ്ടാകുന്നതനുസരിച്ച് കൂടുതൽ ചെലവുകൾ നമ്മൾ കണ്ടെത്തും എന്നതാണ് അനുഭവം.

നമ്മുടെ മിഷണറിമാരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണെന്ന് മുകളിൽ പറഞ്ഞല്ലോ. ഇതിനുള്ള ചില പ്രായോഗികമാർഗ്ഗങ്ങളെക്കുറിച്ച് 2011 ഓഗസ്റ്റ് മാസത്തിൽ ചേർന്ന മെത്രാൻ സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ആളുകൊണ്ടും പ്രാർത്ഥനകൊണ്ടുമുള്ള സഹായത്തിന് പുറമെ ഒരു മിഷൻ ഫണ്ട് രൂപീകരിക്കുക എന്ന ആശയമാണ് സിനഡിൽ തീരുമാനിക്കപ്പെട്ടത്. അതിനായി Association of the Supporters of the Syro-Malabar Mission (ASSM) എന്ന പേരിൽ ഒരു സംഘടനയും ഉണ്ടാക്കി. ഞാൻ മുകളിൽ സൂചിപ്പിച്ചതുപോലെ നമ്മുടെ ഇടവകകൾക്കും മറ്റും വിദേശത്ത് നിന്ന് സഹായം എത്തിക്കുന്ന സംഘടനകളുടെ രീതിയിലുള്ള ഒന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കാക്കനാട് നമ്മുടെ ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽ സംഘടനയുടെ ഓഫീസ് തുറന്ന് പ്രവർത്തനവും ആരംഭിച്ചു കഴിഞ്ഞു.

ഗുജറാത്തിലുള്ള രാജ്ക്കോട്ട് രൂപതയുടെ മെത്രാനായിരുന്ന അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവാണ് മിഷൻ ഫണ്ട് സമാഹരണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തോടൊപ്പം മറ്റ് ഏതാനും പേരും ഈ സംരംഭത്തിൽ സേവനം ചെയ്യുന്നുണ്ട്. ഈ കാര്യമെല്ലാം അറിയിച്ചുകൊണ്ടും നമ്മുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും മേജർ ആർച്ച്ബിഷപ്പ് അയച്ച സർക്കുലർ ഏതാനും മാസങ്ങൾക്ക് മുമ്പ് നമ്മുടെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഇടവകകളിൽ വികാരിയച്ചന്മാർ അത് വായിച്ചിട്ടുണ്ടാകും എന്ന് വിശ്വസിക്കുന്നു. ഫണ്ട് സമാഹരണത്തിന്റെ പുരോഗതി അറിയിക്കുവാനും സംഭാവന തരുന്നവരുടെ പേരുവിവരം പ്രസിദ്ധപ്പെടുത്താനും മറ്റുമായി St.Thomas Mission എന്ന പേരിൽ മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന ഒരു ബുള്ളറ്റിനും ആരംഭിച്ചിട്ടുണ്ട്.

ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചാണ് മിഷൻ ഫണ്ട് സമാഹരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിനായി അഭിവന്ദ്യ ഗ്രിഗറി പിതാവോ അദ്ദേഹത്തോടൊപ്പം സേവനം ചെയ്യുന്നവരോ ഓരോ ഇടവകയും സന്ദർശിക്കുക എന്നാണ് തീരുമാനിച്ചിട്ടുള്ളത്. ചില രൂപതകളിലെ ഇടവകകൾ ഇതിനോടകം അവർ സന്ദർശിച്ചു കഴിഞ്ഞു. നമ്മുടെ രൂപതയിലും അവർ സന്ദർശനം നടത്താൻ ആഗ്രഹിക്കുന്നു എന്ന് എന്നെ അറിയിച്ചിട്ടുണ്ട്. സമയം അവർ തന്നെ നേരിട്ട് ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ അറിയിച്ചുകൊള്ളും. അവർ അക്കാര്യം അറിയിക്കുമ്പോൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ആവശ്യമായ സഹകരണവും സഹായവും കൊടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നിന്നും കവറുകൾ ഇടവകയിൽ എത്തിക്കുന്നതനുസരിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൈ എടുത്ത് സംഭാവനകൾ സമാഹരിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കണം.

മേൽവിലാസം: Secretary, Association of the Supporters of the Syro-Malabar Mission (ASSM), Mount St.Thomas, PB No.3110, Kakkanad P.O., Kochi 682 030. തുകകൾ ചെക്കായി മേൽപ്പറഞ്ഞ വിലാസത്തിൽ എഴുതി അയച്ചാൽ മതി. ഇടവകയിൽ സമാഹരിക്കപ്പെടുന്ന തുകയുടെ അഞ്ച് (5) ശതമാനം അതാത് ഇടവകകളുടെ ആവശ്യത്തിനായി എടുക്കാവുന്നതാണ്. ബാക്കി അയച്ചുകൊടുത്താൽ മതിയാകും. കൊടുക്കുന്ന എല്ലാ തുകയ്ക്കും രസീത് കിട്ടുന്നതും പേരുവിവരം മുകളിൽ പറഞ്ഞ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. ഈ

ബുള്ളറ്റിൻ ഇടവകകളിൽ എത്തിക്കുമ്പോൾ അവ വീടുകളിൽ എത്തിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ദയവായി ശ്രദ്ധിക്കണേ.

ഒരു കുടുംബത്തിൽ നിന്ന് ഒരു വർഷം ചുരുങ്ങിയത് 200 രൂപയും സ്ഥാപനങ്ങളിൽ നിന്ന് ചുരുങ്ങിയത് 500 രൂപയും കൊടുക്കണം എന്നാണ് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ ആഗ്രഹം. എല്ലാവർക്കും അത്രയും കൊടുക്കാൻ പറ്റിയെന്ന് വരില്ല. എങ്കിലും കഴിവുള്ള എല്ലാവരും കൊടുക്കണം. എന്ന് തന്നെയല്ല, എല്ലാവർക്കും കൊടുക്കാൻ സാധിക്കുകയില്ലാത്തതുകൊണ്ട് കഴിവുള്ളവർ കഴിവില്ലാത്തവർക്ക് വേണ്ടി കൂടി കൊടുക്കുന്നത് നല്ലതാണ് എന്നും സൂചിപ്പിക്കട്ടെ.

നമ്മുടെ ഇടവകകളിൽ നിന്ന് വർഷാവർഷം ധാരാളം ഉദ്ദേശ്യങ്ങൾക്കായി സംഭാവനകൾ ശേഖരിക്കാറുണ്ട്. ഒരു പരിധി വരെ അത് ഇടവകക്കാർക്കും ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട് എന്ന വസ്തുതയും ഞാൻ മനസ്സിലാക്കുന്നു. എങ്കിലും ഇക്കാര്യത്തിൽ നിങ്ങളുടെ സവിശേഷ ശ്രദ്ധ ഉണ്ടാകും എന്ന് ഞാൻ വിശ്വസിക്കുകയാണ്. കൊടുക്കുന്നവർക്ക് വീണ്ടും വീണ്ടും കർത്താവ് കൊടുക്കും എന്നത് തർക്കമറ്റ സംഗതിയാണ്. നിങ്ങൾ കൊടുക്കുന്ന ഓരോ പൈസയും ദൈവാനുഗ്രഹമായി നിങ്ങൾക്ക് തന്നെ തിരികെ കിട്ടും. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 നവംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2012 ഡിസംബർ മാസം 16-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# ഇടവക രജിസ്റ്ററുകളിൽ തെറ്റായി ചേർത്തിട്ടുള്ള വിവരങ്ങൾ തിരുത്താനുള്ള രീതി

### 1. ജ്ഞാനസ്നാനരജിസ്റ്റർ

നമ്മുടെ ഇടവകകളിൽ സൂക്ഷിക്കുന്ന ജ്ഞാനസ്നാന രജിസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വികാരിമാർക്ക് ജ്ഞാനസ്നാന സർട്ടിഫിക്കറ്റുകൾ മാത്രമേ കൊടുക്കാൻ അർഹതയുള്ളുവെങ്കിലും പലപ്പോഴും പല ഓഫീസുകളിൽ നിന്നും വികാരി കൊടുക്കുന്ന ജനനസർട്ടിഫിക്കറ്റ് ആവശ്യപ്പെടാറുണ്ട്. ജ്ഞാനസ്നാന രജിസ്റ്ററിൽ ചേർക്കുന്ന ജനനതീയതികൾ സാധാരണയായി ജ്ഞാനസ്നാനം സ്വീകരിച്ച കുട്ടികളുടെ മാതാപിതാക്കൾ പറയുന്നവയാണ്. തെളിവിനായി നമ്മൾ രേഖകളൊന്നും ആവശ്യപ്പെടാറില്ല. അതിനാൽ അവയിൽ തെറ്റുകൾ ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. മാനന്തവാടി രൂപതയിൽ മാതാപിതാക്കൾ കുട്ടികളുടെ ജ്ഞാനസ്നാനത്തിനു വേണ്ടി ആവശ്യപ്പെടുമ്പോൾ ഇടവകയിൽ പൂരിപ്പിച്ച് നൽകേണ്ടതായ ഒരു ഫോമുണ്ട്. ഇതിൽ ചേർക്കുന്ന വിവരങ്ങളും ചിലപ്പോൾ തെറ്റാകാം. തെറ്റായി രേഖപ്പെടുത്തിയ തീയതികൾ പിന്നീട് തിരുത്തേണ്ടി വരുന്ന സന്ദർഭങ്ങളും ഇന്ന് ഏറി വരുന്നുണ്ട്. പ്രത്യേകിച്ച് വിദേശത്ത് പോകേണ്ടി വരുന്നവരുടെ കാര്യത്തിൽ ഇങ്ങനെയുണ്ടാകാറുണ്ട്. എന്നാൽ രജിസ്റ്ററിൽ കാണുന്ന തീയതിയായിരിക്കുകയില്ല ശരിയായ തീയതി. അതേ സമയം ശരിയായ തീയതി വച്ച് സർട്ടിഫിക്കറ്റ് കൊടുക്കണം എന്ന് ആളുകൾ ആവശ്യപ്പെടുകയും ചെയ്യും. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ബുദ്ധിമുട്ടിലാകും. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കി രജിസ്റ്ററുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള നടപടിക്രമത്തെപ്പറ്റി കേരള കത്തോലിയ്ക്കാ മെത്രാൻ സമിതി 2012 ജൂണിൽ ചേർന്ന സമ്മേളനത്തിലും സീറോമലബാർ മെത്രാൻ സിനഡ് 2012 ആഗസ്റ്റിൽ ചേർന്ന സമ്മേളനത്തിലും ചർച്ച ചെയ്ത് താഴെപ്പറയുന്ന നടപടിക്രമം അംഗീകരിച്ചു. ഇനി മുതൽ അതിൻപ്രകാരം തിരുത്തലുകൾ വരുത്തി ജ്ഞാനസ്നാന സർട്ടിഫിക്കറ്റുകൾ കൊടുക്കാവുന്നതാണ്.

മറ്റ് രജിസ്റ്ററുകളിലെ തിരുത്തലുകൾക്ക് ഈ നടപടിക്രമം ഉപയോഗിക്കാൻ പാടുള്ളതല്ല. ജ്ഞാനസ്നാന സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽപോലും അപേക്ഷക/ൻ ജനിച്ച ആശുപത്രിയിൽ നിന്ന് അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസിൽ നിന്ന് ശരിയായ ജനന തീയതി തെളിയിക്കുന്ന രേഖകൾ കൊണ്ടു വരുന്നവരുടെ കാര്യത്തിൽ മാത്രമേ ഈ രീതി അവലംബിയ്ക്കാൻ പാടുള്ളു.

1. സർട്ടിഫിക്കറ്റ് ആവശ്യമുള്ള വ്യക്തി മൈനറാണെങ്കിൽ ആ വ്യക്തിയുടെ രക്ഷാകർത്താവ് ആണ് തീയതി തിരുത്തി സർട്ടിഫിക്കറ്റ് നല്കാൻ ആവശ്യപ്പെടേണ്ടത്. പ്രായപൂർത്തിവന്നവരാണെങ്കിൽ നേരിട്ട് അപേക്ഷിക്കാം. ഏതു രൂപതയിലാണോ ജ്ഞാനസ്നാനം നടന്നത് ആ രൂപതയിലെ മെത്രാന്റെ പേർക്കാണ് അപേക്ഷ കൊടുക്കേണ്ടത്. ഇടവകയിലെ രജിസ്റ്ററിൽ ചേർത്തിരിയ്ക്കുന്ന ജനനതീയതി തെറ്റാണെന്നും അതിനാൽ ശരിയായ തീയതി വച്ച് സർട്ടിഫിക്കറ്റ് തരാൻ ജ്ഞാനസ്നാനം നടന്ന ഇടവകയിലെ ബഹുമാനപ്പെട്ട വികാരിയച്ചന് നിർദ്ദേശം കൊടുക്കണം എന്നാണ് അപേക്ഷയിൽ ആവശ്യപ്പെടേണ്ടത്. സർട്ടിഫിക്കറ്റ് എന്തിനാണെന്നും അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം. അപേക്ഷയുടെ ഒരു കോപ്പി ബന്ധപ്പെട്ട വികാരിയച്ചനും കൊടുക്കേണ്ടതാണ്. നിലവിൽ അപേക്ഷകന്റെ സ്വന്തം ഇടവക മറ്റൊരു സ്ഥലത്തായിരിക്കുകയും ആ ഇടവകയിലെ രജിസ്റ്ററിൽ ജ്ഞാനസ്നാനവിവരങ്ങൾ ചേർക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ സ്വന്തം ഇടവക ഉൾക്കൊള്ളുന്ന രൂപതയിലെ മെത്രാന്റെ പേർക്കും ഇപ്രകാരം തന്നെ അപേക്ഷ കൊടുക്കാവുന്നതാണ്.

2. അപേക്ഷയോടൊപ്പം അപേക്ഷക/ൻ ജനിച്ച ആശുപത്രിയിൽ നിന്നുള്ള ജനന രജിസ്റ്ററിന്റെ പ്രസക്തഭാഗം ആശുപത്രി അധികൃതരാൽ നിയമാനുസൃതം അറ്റസ്റ്റ് ചെയ്ത് കൊടുക്കേണ്ടതാണ്.

3. ഇടവകയിലെ രജിസ്റ്ററിൽ തെറ്റായിട്ടാണ് ജനനതീയതി ചേർത്തിരിക്കുന്നതെന്നും ശരിയായ തീയതി ഏതാണെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സത്യവാങ്മൂലം പബ്ലിക്ക് നോട്ടറിയാൽ അറ്റസ്റ്റ് ചെയ്യിപ്പിച്ച് അതും അപേക്ഷയോടൊപ്പം സമർപ്പിച്ചിരിയ്ക്കണം.

4. ഇടവകയിലെ രജിസ്റ്ററിൽ ചേർത്തിരിക്കുന്ന തീയതിയും മറ്റ് വിവരങ്ങളും ഏതാണ് എന്ന് പ്രസ്താവിച്ചുകൊണ്ടുള്ള ഒരു കത്ത് ജ്ഞാനസ്നാനം നടന്ന ഇടവകയിലെ അല്ലെങ്കിൽ സ്വന്തം ഇടവകയിലെ വികാരിയിൽ നിന്ന് വാങ്ങി അപേക്ഷയോടൊപ്പം വച്ചിരിയ്ക്കണം.

5. ലഭിച്ചിരിയ്ക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ സത്യാവസ്ഥ ബോദ്ധ്യപ്പെട്ടാൽ രജിസ്റ്ററിൽ തിരുത്തലുകൾ വരുത്താൻ രൂപതാമെത്രാൻ ബന്ധപ്പെട്ട ഇടവകവികാരിയെ അധികാരപ്പെടുത്തുന്നതാണ്.

6. തിരുത്തൽ ഇനി പറയും പ്രകാരമാണ് വരുത്തേണ്ടത്: രജിസ്റ്ററിൽ എഴുതിയിരിയ്ക്കുന്നവ യാതൊരു കാരണവശാലും വെട്ടിത്തിരുത്താൻ പാടുള്ളതല്ല. മായ്ച്ചു കളഞ്ഞ് അതിന് മുകളിൽ എഴുതുന്നതും അനുവദനീയമല്ല. നിലവിൽ ഉള്ളത് അപ്രകാരം തന്നെ നിലനിൽക്കണം. അതിനു പകരം മാർജിനിലോ റിമാർക്ക് കോളത്തിലോ ശരിയായ തീയതിയും തിരുത്താൻ അനുവദിച്ചുകൊണ്ടുള്ള മെത്രാന്റെ കല്പനയുടെ നമ്പരും തിരുത്തൽ വരുത്തിയ തീയതിയും രേഖപ്പെടുത്തി അതിനടിയിൽ ബഹുമാനപ്പെട്ട വികാരി പേരെഴുതി ഒപ്പിടണം. അതിനു ശേഷം തിരുത്തിയ തീയതി വച്ച് സർട്ടിഫിക്കറ്റ് കൊടുക്കാവുന്നതാണ്.

7. അപേക്ഷയും അനുബന്ധ രേഖകളും ഇടവകഫയലിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.

8. പേരുകളും മറ്റ് വിവരങ്ങളും തിരുത്താനും ഇതേ രീതി തന്നെ അവലംബിക്കണം.

**2. മറ്റ് രജിസ്റ്ററുകൾ**

രജിസ്റ്ററുകളിൽ ചേർത്തിട്ടുള്ള വിവരങ്ങൾ വെട്ടിത്തിരുത്താനോ മായിച്ച് മുകളിൽ എഴുതാനോ അനുവാദമില്ല. എന്നാൽ വിവരങ്ങൾ ചേർക്കുന്ന സമയത്തോ അതിനോടടുത്തോ രജിസ്റ്ററിൽ ചേർത്തത് തെറ്റാണ് എന്ന് സംശയലേശമെന്യേ എഴുതിയ ആൾക്ക് (ഇത് സാധാരണയായി വികാരിയച്ചന്മാരാണല്ലോ ചെയ്യുന്നത്) ബോധ്യമായാൽ (അതിനുള്ള രേഖകൾ ഉണ്ടെങ്കിൽ അവ ഫയലിൽ സൂക്ഷിച്ചിരിയ്ക്കണം) രജിസ്റ്ററിന്റെ മാർജിനിലോ റിമാർക്ക് കോളത്തിലോ ശരിയായ വിവരം (പേരുകൾ, തീയതികൾ മുതലായവ) എഴുതി ബഹുമാനപ്പെട്ട വികാരിയച്ചൻ തന്റെ പേരും വീട്ടുപേരും തിരുത്തുന്ന തീയതിയും ചേർത്ത് ഒപ്പിടണം. തനിയ്ക്ക് മുമ്പേ സേവനം ചെയ്ത് കടന്നുപോയ വികാരിമാരുടെ കാലത്ത് ചേർക്കപ്പെട്ട വിവരമാണെങ്കിൽ ഇപ്രകാരം ചെയ്യുന്നതിന് മുമ്പായി ജ്ഞാനസ്നാനരജിസ്റ്ററിന്റെ കാര്യത്തിൽ 1, 3, 4 എന്നീ നമ്പറുകളിൽ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കണം.

**3. കമ്പ്യൂട്ടർ പ്രോഗ്രാം**

ഇടവകകൾക്കായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാം കുറേയധികം ഇടവകകളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. സർട്ടിഫിക്കറ്റുകൾ കൊടുക്കാനും, ഇടവകാംഗങ്ങളുടെ സ്ഥിതിവിവര കണക്കുകൾ പെട്ടെന്ന് അറിയാനും മറ്റും ഈ പ്രോഗ്രാം ഏറെ സഹായകരമാണ്. ഇടവകയുടെ കണക്കുകൾ തയ്യാറാക്കാനും തെരട്ട് ഉണ്ടാക്കാനും മറ്റും ഇതേ പ്രോഗ്രാം ഉപയോഗിക്കാൻ തുടങ്ങാത്ത ഇടവകകളിൽ എത്രയും വേഗം തുടങ്ങാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കണം. പ്രോഗ്രാം ഇൻസ്റ്റാൾ ചെയ്താൽ മാത്രം പോരാ. അതുപയോഗിച്ച് രജിസ്റ്ററുകളും കണക്കുകളും മറ്റും തയ്യാറാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും വേണം.

വരവ്ചിലവ്, ക്യാഷ് ബാലൻസ്, ബാങ്ക് ബാലൻസ്, സ്ഥിരനിക്ഷേപങ്ങൾ, കടബാദ്ധ്യത എന്നിവ രേഖപ്പെടുത്തിയ മാസതിരട്ടുകൾ കൃത്യമായി രൂപതാ കച്ചേരിയിൽ എത്തിക്കുന്ന കാര്യം കൂടി ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ.

മാനന്തവാടി
20 നവംബർ 2012

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# രൂപതാകച്ചേരി വാർത്തകൾ

## പൗരോഹിത്യസ്വീകരണം

മാനന്തവാടി രൂപതയ്ക്ക് വേണ്ടി വൈദീകപരിശീലനം പൂർത്തിയാക്കുന്ന അഞ്ച് ഡീക്കൻമാരാണ് ഈ വർഷം പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങുന്നത്.

റോമിൽ പരിശീലനം നേടിയിരുന്ന കവലക്കാടൻ വർഗ്ഗീസ് (മനോജ്) മച്ചിക്കൊല്ലി ഇടവകയിൽ വച്ച് ഡിസംബർ 26-ാം തീയതിയും, വടവാതൂർ സെമിനാരിയിൽ പരിശീലനം നേടിയിരുന്ന കാട്ടാംകോട്ടിൽ തോമസ് (അനീഷ്) ശിശുമല ഇടവകയിൽ വച്ച് ഡിസംബർ 29-ാം തീയതിയും, തൃശ്ശൂർ സെമിനാരിയിൽ പരിശീലനം നേടിയിരുന്ന മഠത്തിൽ സെബാസ്റ്റ്യൻ (സുനിൽ) കേണിച്ചിറ ഇടവകയിൽ വച്ച് ഡിസംബർ 27-ാം തീയതിയും, ഐക്കരക്കാനായിൽ തോമസ് (ഷിജു) 2013 ജനുവരി 2-ാം തീയതിയും, കുന്നോത്ത് സെമിനാരിയിൽ പരിശീലനം ലഭിച്ച കള്ളിയാട്ട് ദേവസ്യ (ജെയിസൺ) ഡിസംബർ 31-ാം തീയതി സീതാമൗണ്ട് ഇടവകയിൽ വെച്ചും പൗരോഹിത്യശുശ്രൂഷാ പട്ടം സ്വീകരിക്കാൻ അടുത്ത് ഒരുങ്ങുന്നു. ഇവരെ പ്രാർത്ഥനാപൂർവ്വം ബലിവേദിയിലേക്ക് നമുക്ക് നയിക്കാം.

## അഭിനന്ദനങ്ങൾ

മാനന്തവാടി രൂപതയിലെ മിഷൻലീഗ്, സംഘടനാപ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് തുടർച്ചയായി എട്ടാം തവണയും ഏറ്റവും നല്ല രൂപതയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെ കലാസാഹിത്യ മത്സരങ്ങളിൽ തുടർച്ചയായി ഒമ്പതാം തവണയും മാനന്തവാടി രൂപതാഘടകം ഒന്നാം സ്ഥാനം നിലനിറുത്തിയിരിക്കുന്നു. അത്യന്തം അഭിനന്ദനാർഹമായ ഈ രണ്ട് നേട്ടങ്ങളും രൂപതാ മുഴുവനുമുള്ള വൈദീകർ, സന്യസ്തർ, വിശ്വാസപരിശീലകർ, വിദ്യാർത്ഥികൾ, അല്മായപ്രേഷിതർ എന്നിവരുടെ കൂട്ടായ പ്രവർത്തനഫലമാണ്. മിഷൻലീഗിന്റെ ഡയറക്ടർ ബഹു. സോണി വടയാപറമ്പിലച്ചനേയും

രൂപതാഭാരവാഹികളേയും മേഖലാ-ശാഖാ ഡയറക്ടർമാരേയും പ്രവർത്തകരേയും സഹകാരികളേയും ഹൃദയപൂർവ്വം അനുമോദിക്കുന്നു. കൂടുതൽ തീക്ഷ്ണതയോടെ കൂട്ടായി പ്രവർത്തിക്കാനുള്ള പ്രചോദനമാവട്ടെ ഈ അംഗീകാരങ്ങൾ.

**അവയവദാനം - മഹാദാനം**

കാലഘട്ടത്തിന്റെ ആവശ്യം കണ്ടറിഞ്ഞും, മനുഷ്യമഹത്വം പ്രഘോഷിച്ചുകൊണ്ടും മനുഷ്യനിലെ ദൈവീകഭാവത്തെ ദീപ്തമാക്കിക്കൊണ്ടും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഈ വിശ്വാസവർഷത്തിൽ മുന്നോട്ടുവച്ച 'അവയവദാനം - മഹാദാനം' പദ്ധതിക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവൻ സമർപ്പിക്കുന്നതാണ് സ്നേഹത്തിന്റെ മൂർത്തരൂപം എന്ന് സ്വന്തജീവിതത്തിലൂടെയും മരണത്തിലൂടെയും കാണിച്ചുതന്ന യേശുവിലുള്ള വിശ്വാസത്തിന്റെ യഥാർത്ഥപ്രകടനം തന്നെയാണ് ജീവിച്ചിരിക്കുമ്പോഴേ ചെയ്യാവുന്ന രക്തം, മജ്ജ, കോശങ്ങൾ, വൃക്കകളിൽ ഒന്ന്, കരളിന്റെ അംശം എന്നീ ദാനങ്ങളും, മരണശേഷം ചെയ്യാവുന്ന അവയവദാനങ്ങളും അവയവദാനത്തിലൂടെ സംഭവിക്കുന്ന ജീവദാനവും രൂപാന്തരീകരണവും, ജീവിച്ചിരിക്കെ തന്നെ ഉത്ഥാനമഹത്വത്തിലും നിത്യജീവനിലുമുള്ള  പങ്കുപറ്റലായി കണ്ട് ഈ മഹാസംരംഭത്തോട് നമുക്ക് എല്ലാവർക്കും സഹകരിക്കാം.

**അഭിനന്ദനങ്ങൾ**

തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട മാനന്തവാടി പ്രൊവിൻസിലെ ബഹു. സി. ലിറ്റിൽ ട്രീസ SH നും കണ്ണൂർ പാവനാത്മ കപ്പൂച്ചിൻ വൈസ് പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട തോമസ് കരിങ്ങട OFM.Cap അച്ചനും മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

**സ്നേഹസ്മരണ**

നമ്മുടെ രൂപതയിലെ വൈദികനായിരുന്ന ബഹു. അഗസ്റ്റിൻ കീലത്ത് അച്ചൻ (രാമപുരം) നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് ഈ മാസം 24-ാം തീയതി ഒരു വർഷം തികയുകയാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**New Mobile No.**

Rev. Fr. Mani Elayidath - 9655779003

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വിശ്വാസവർഷം

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 YEAR OF FAITH 2012 2013

### വിശ്വാസവർഷ പഠന സംഗമങ്ങൾ

വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകർക്ക് ഫൊറോനാതലങ്ങളിൽ വിശ്വാസവർഷ പഠനസംഗമങ്ങൾ സംഘടിപ്പിച്ചു. കൽപ്പറ്റ, തരിയോട്, ബത്തേരി, നടവയൽ, കല്ലോടി, പയ്യംമ്പള്ളി ഫൊറോനകളിൽ ഇതിനോടകം പഠനസംഗമങ്ങൾ നടന്നു. മറ്റു ഫൊറോനാകളിൽ വരുംദിനങ്ങളിൽ ക്രമീകരിക്കുന്നു.

CMC. FCC സന്യാസസമൂഹങ്ങളിലെ ബഹു. സിസ്റ്റേഴ്സിന് വിശ്വാസവർഷ പഠനശിബിരങ്ങൾ സംഘടിപ്പിച്ചു. വിൻസെന്റ് ഡി പോൾ സൊസൈറ്റി ബത്തേരി AC യുടെ കീഴിലുള്ള ഭാരവാഹികൾക്കു വേണ്ടിയുള്ള സെമിനാറും പഠനവും വിശ്വാസവർഷ ജീവിതത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നു.

രൂപതാ മതബോധന ടീം അംഗങ്ങൾ പ്രത്യേകമാംവിധം പരിശീലനത്തിനായി ഒരു ദിവസം ഒരുമിച്ചുകൂടുകയും പഠനവിഷയങ്ങൾ ഹൃദ്യസ്ഥമാക്കുകയും ചെയ്തു.

വാഴവറ്റ, ചൂരൽമല തുടങ്ങിയ ഇടവകകളിൽ വ്യത്യസ്തമായ ഗ്രൂപ്പുകൾക്ക്, വിശ്വാസവർഷ പഠനസെമിനാറുകൾ നടത്തി.

### പഠനവും പരിശീലനവും

വിശ്വാസം എന്ത് എന്ന വിഷയത്തെ കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിലൂടെ ലഘുവായി വിശകലനം ചെയ്തിരുന്നു. വിശ്വാസപ്രമാണത്തെപ്പറ്റിയും പരാമർശിച്ചിരുന്നു.

### വിശ്വാസം - വ്യത്യസ്തമാനങ്ങൾ; സഭാത്മകവിശ്വാസം

വിശ്വാസം വ്യക്തിപരമായ ഒരു പ്രവൃത്തിയാണ് എന്നിരുന്നാലും ഒറ്റപ്പെട്ട ഒരു പ്രവൃത്തിയല്ല. ആർക്കും തനിയെ ജീവിക്കാൻ കഴിയാത്തതുപോലെ ആർക്കും തനിയെ വിശ്വസിക്കുവാനും കഴിയില്ല. ഒരുവൻ

മറ്റൊരാളിൽ നിന്നും വിശ്വാസം സ്വീകരിച്ച് അത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കണം. അങ്ങനെ ഓരോ വിശ്വാസിയും വിശ്വാസികളുടെ വലിയ ഒരു ശൃംഖലയിലെ ഒരു കണ്ണിയാണ്. മറ്റുള്ളവരുടെ വിശ്വാസത്താൽ ഉത്തേജിതരാകാതെ ഒരുവനും വിശ്വസിക്കുവാൻ കഴിയുകയില്ല. ഏതൊരു വ്യക്തിയും അതിനാൽത്തന്നെ മറ്റുള്ളവരുടെ വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കണം (ccc.166).

'ഞാൻ വിശ്വസിക്കുന്നു' എന്ന് ഏതൊരു വ്യക്തിയും മാമ്മോദീസായുടെ സമയത്താണ് പ്രഖ്യാപിക്കുന്നത്. ഇത് സഭയുടെ വിശ്വാസമാണ്. തിരുസഭയിലുള്ള എല്ലാവരും പ്രഖ്യാപിക്കുന്ന വിശ്വാസമാണ്. 'ഞാൻ വിശ്വസിക്കുന്നു' എന്നും 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നും വിശ്വാസികൾ പറയുന്നത് സഭയിലാണ്. സഭയാണ് ആദ്യം വിശ്വസിക്കുന്നതും, ഒരുവന്റെ വിശ്വാസത്തെ നയിച്ച് പരിപോഷിപ്പിച്ച്, നിലനിർത്തുന്നതും. കാരണം സഭ വഴിയാണ് ഒരുവൻ മാമ്മോദീസയിലൂടെ വിശ്വാസവും ക്രിസ്തുവിൽ നവജീവനും സ്വീകരിക്കുന്നത് (ccc.167). ഒരുവൻ തന്റെ വിശ്വാസം പ്രകടമാക്കുന്നതിനും, മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യുന്നതിനും, സമൂഹമദ്ധ്യേ ആഘോഷിക്കുന്നതിനും അതിലുപരി ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും അവനെ സഹായിക്കുന്നത് വിശ്വസിക്കുന്നത് എന്ത് എന്ന് ബോദ്ധ്യത്തോടെ അറിയുകയും സ്വീകരിക്കുകയും ചെയ്യുമ്പോഴാണ് (ccc.170)..

അതിനാൽ വിശ്വാസത്തിന്റെ വ്യക്തിപരവും സഭാത്മകവുമായ മാനങ്ങൾ തിരിച്ചറിയണം. ക്രിസ്തുവിൽനിന്നും അപ്പസ്തോലൻമാരിലൂടെ ലഭിച്ച വിശ്വാസത്തെ വിശ്വസ്തതയോടെ പരിരക്ഷിക്കുന്നതും കൈമാറ്റം ചെയ്യുന്നതും സഭയാണ്. അതേസഭയിൽ മാമ്മോദീസയിലൂടെ പങ്കാളിത്തമുള്ള ഏതൊരു വ്യക്തിയും അതേ വിശ്വാസം അവിരാമം കാത്തുസൂക്ഷിക്കണം പ്രഘോഷിക്കണം. കാരണം, സഭയിലൂടെ ക്രിസ്തുവിൽ നിന്നും ലഭിച്ചിരിക്കുന്ന സന്ദേശം സത്യവും ദൃഢവുമാണ്; ഈ സന്ദേശത്തിൽ രക്ഷയിലേക്കുള്ള ഒരേയൊരു മാർഗ്ഗമാണ് ലോകം മുഴുവനും വേണ്ടി തെളിഞ്ഞുകിടക്കുന്നത് (ccc.174).

ചുരുക്കത്തിൽ 'വിശ്വസിക്കുന്നത്' ഒരു സഭാത്മക പ്രവൃത്തിയാണ്. സഭയുടെ വിശ്വാസം ഏതൊരു വ്യക്തിയുടെയും വിശ്വാസത്തിന്റെ മുൻഗാമിയാണ്. അത് നമ്മിൽ വിശ്വാസം അങ്കുരിപ്പിക്കുകയും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. സഭ സർവ്വ വിശ്വാസികളുടെയും മാതാവാണ്. സഭയെ മാതാവായി കാണാത്തവന് ദൈവത്തെ പിതാവായി ലഭിക്കുകയില്ല (ccc.181).

## വി.ഗ്രന്ഥം എന്ത്? എങ്ങനെ ഗ്രഹിക്കണം?

'എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും, സത്യത്തിന്റെ പൂർണ്ണതയിലേക്ക്, അതായത്, യേശുക്രിസ്തുവിലേക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു'. "സർവ്വജനതകളുടെയും രക്ഷയ്ക്കുവേണ്ടി ദൈവം ലോകത്തിന് നൽകിയ വെളിപാട് അതിന്റെ സമ്പൂർണ്ണതയിൽ എക്കാലവും സംരക്ഷിക്കപ്പെടുന്നതിനും, എല്ലാ തലമുറകളിലേക്കും കൈമാറ്റപ്പെടുന്നതിനും വേണ്ട സജ്ജീകരണങ്ങളെല്ലാം ദൈവം കാരുണ്യപൂർവ്വം നടത്തി" (DV.7). എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കായി യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ടതും അപ്പസ്തോലന്മാരിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതുമായ ദൈവവചനത്തിന്റെ ലിഖിതരൂപമാണ് വി. ഗ്രന്ഥം.

വി.ഗ്രന്ഥവും അപ്പസ്തോലിക പാരമ്പര്യവും ഉൾക്കൊള്ളുന്ന വിശ്വാസനിക്ഷേപത്തെ അപ്പസ്തോലന്മാർ ഭരമേൽപ്പിച്ചിരിക്കുന്നത് തിരുസഭയെയാണ്. അതിനാൽ ലിഖിതരൂപത്തിലോ പാരമ്പര്യത്തിലോ ഉള്ള ദൈവവചനത്തെ ആധികാരികമായി വ്യാഖ്യാനിക്കാനുള്ള ധർമ്മം സഭയുടെ സജീവപ്രബോധനാധികാരത്തിന് മാത്രമാണ് നൽകപ്പെട്ടിരിക്കുന്നത്.

വി.ഗ്രന്ഥം നന്നായി ഗ്രഹിക്കണമെങ്കിൽ ശരിയായി വ്യാഖ്യാനിക്കണം. അതിന് പരിശുദ്ധാത്മാവിനാൽ പ്രചോദിതരായ വി.ഗ്രന്ഥകർത്താക്കൾ യഥാർത്ഥത്തിൽ എന്ത് വ്യക്തമാക്കാനാണ് ഉദ്ദേശിച്ചതെന്നും, അവരുടെ വാക്കുകൾവഴി നമുക്കായി എന്തു വെളിപ്പെടുത്തുവാനാണ് ദൈവം തിരുവുള്ളമായതെന്നും ഗ്രഹിക്കണം. അതിന് അവർ ജീവിച്ച കാലഘട്ടം, ആ കാലഘട്ടത്തിലെ സാഹിത്യരൂപങ്ങൾ, ചിന്തയുടെയും ഭാഷണത്തിന്റെയും ആഖ്യാനത്തിന്റെയും രീതികൾ.... മുതലായവ ശ്രദ്ധിക്കണം.

അതിനാൽ വി.ഗ്രന്ഥം വ്യാഖ്യാനിക്കുന്നതിന് മൂന്നു മാർഗ്ഗങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശിക്കുന്നുണ്ട്.

1. വി.ഗ്രന്ഥം മുഴുവന്റെയും ഉള്ളടക്കത്തിലും ഏകതാനതയിലും ശ്രദ്ധിക്കണം. ബൈബിളിലെ പുസ്തകങ്ങൾ തമ്മിൽ വ്യത്യാസമുണ്ടെങ്കിലും പ്രതിപാദനത്തിൽ ഐക്യമുണ്ട്. ഈ ഐക്യത്തിനാധാരം ദൈവീകപദ്ധതിയുടെ ഐക്യമാണ്.

2. സഭയുടെ സജീവപാരമ്പര്യത്തിൽ ബൈബിൾ വായിക്കണം.

3. ക്രൈസ്തവ വിശ്വാസത്തിന്റെ സാധർമ്മ്യത്തിൽ ശ്രദ്ധിക്കണം. വിശ്വാസസത്യങ്ങൾക്ക് തമ്മിലും അവയ്ക്ക് ദൈവാവിഷ്കരണ പദ്ധതി

യോടുമുള്ള സമന്വയമാണ് 'വിശ്വാസത്തിന്റെ സാധർമ്മ്യം' എന്നുള്ളതു കൊണ്ട് അർത്ഥമാക്കുന്നത്.

വിശുദ്ധലിഖിതത്തിന് രണ്ടുതരം അർത്ഥങ്ങൾ വേർതിരിച്ചു കാണാറുണ്ട്. വാച്യാർത്ഥവും, ആദ്ധ്യാത്മികാർത്ഥവും. ആദ്ധ്യാത്മി കാർത്ഥത്തിൽതന്നെ പ്രതീകാത്മകാർത്ഥം, ധാർമ്മികാർത്ഥം, സനാത നാർത്ഥം എന്നിങ്ങനെ മൂന്നു തലങ്ങളുണ്ട്.

വി.ഗ്രന്ഥത്തിലെ വാക്കുകൾ സൂചിപ്പിക്കുന്നതും വാക്യവിശക ലനത്തിൽ അനാവൃതമാകുന്നതുമായ അർത്ഥമാണ് വാച്യാർത്ഥം. ദൈവീകപദ്ധതിയുടെ ഐക്യം നിമിത്തം വി.ഗ്രന്ഥത്തിലെ വാക്കുകൾ മാത്രമല്ല അവ പ്രതിപാദിക്കുന്ന യാഥാർത്ഥ്യങ്ങളും സംഭവങ്ങളും അട യാളങ്ങൾ ആയിരിക്കാം (ccc.115-117).

## എന്തുകൊണ്ട് നാം ഏകദൈവത്തിൽ വിശ്വസിക്കുന്നു?

'ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്ന വാക്യത്തോ ടെയാണ് നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ആരംഭിക്കു ന്നത്. ദൈവികവെളിപ്പെടുത്തലിൽ വേരൂന്നിയിട്ടുള്ള സത്യമാണ്. ദൈവ കല്പനകളുടെ ആരംഭകല്പനയും ഏകദൈവവിശ്വാസമാണ് വെളിപ്പെ ടുത്തുന്നത്. ഇസ്രായേലിന് ദൈവം സ്വയം വെളിപ്പെടുത്തിയതും ഇപ്ര കാരമാണ്. (നിയമാ. 6:4-5, ഏശ. 45:22-24, മർക്കാ. 12:29-30, 35-37).

തന്റെ ജനമായ ഇസ്രായേലിന് തന്റെ നാമം അറിയിച്ചുകൊണ്ട് ദൈവം സ്വയം വെളിപ്പെടുത്തുന്നു. പടിപടിയായി പല പേരുകളിൽ സ്വയം അവിടുന്ന് വെളിപ്പെടുത്തി എങ്കിലും, അടിസ്ഥാനപരമായ വെളി പാട് ഈജിപ്തിൽ നിന്നുള്ള പുറപ്പാടിനും, സീനായ് ഉടമ്പടിക്കും മുമ്പായി, കത്തിക്കൊണ്ടിരുന്ന മുൾപ്പടർപ്പിലെ ദിവ്യദർശനത്തിൽ മോശയ്ക്ക് ദൈവീകനാമം വെളിപ്പെടുത്തിയ ദൈവാവിഷ്കരണമായി രുന്നു (ccc.204), പുറപ്പാട് 3:6, 3:13-15).

ഏകദൈവമായി അവിടുന്ന് സ്വയം വെളിപ്പെടുത്തുമ്പോൾ, വിശുദ്ധഗ്രന്ഥത്തിലെ വചനം വെളിപ്പെടുത്തുന്ന സത്യമുണ്ട്, ദൈവം ജീവിക്കുന്നവനാണ് (പുറ.3:6). ആർദ്രനും ദയാലുവുമാണ് (പുറ.32, 33:12 -17, 33:18-19, 34:5-6, 34:7). സത്യവും സ്നേഹവുമാണ്, (പുറ. 34:6, സങ്കീ. 119:160, 2 സാമു. 7:28, യോഹ.3:16, ഏശ. 54:8,...).

ഏകദൈവവിശ്വാസം ഒരുവനെ ദൈവമഹത്വവും പ്രതാപവും അംഗീകരിക്കുവാൻ ബാധ്യസ്ഥനാക്കുന്നു. മനുഷ്യന്റെ കണ്ടുപിടുത്ത മല്ല ഏകദൈവവിശ്വാസം. അതിലുപരി ദൈവീകവെളിപ്പെടുത്തലിന്റെ

സ്വീകരണമാണ്. അതിനാൽ തന്നെ 'ദാനമായി' ലഭിച്ചതിൽ അഭിമാനിച്ച് കൃതജ്ഞതാപുരസരമായ ഒരു ജീവിതം നയിക്കുവാൻ കടപ്പെടുത്തുന്നു. സർവ്വമനുഷ്യരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാകയാൽ എല്ലാ മനുഷ്യരുടെയും ഐക്യവും യഥാർത്ഥമാഹാത്മ്യവും അറിയണം, മാനിക്കണം. സൃഷ്ടവസ്തുക്കളെ ശരിയായി ഉപയോഗിക്കണം.

ദൈവമൊഴികെ സർവ്വവും ഉപയോഗിക്കാനും, ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്നവയിൽ നിന്നെല്ലാം അകന്നുമാറാനും, നമ്മെ പ്രേരിപ്പിക്കുന്നതാണ് ഏകദൈവവിശ്വാസം. അങ്ങനെയെങ്കിൽ ഏതവസരത്തിലും ദൈവത്തിൽ മാത്രമേ ആശ്രയം കണ്ടെത്താവു. ഒന്നാം പ്രമാണത്തിന്റെ അനുശാസനം ഏകദൈവവിശ്വാസത്തിൽ മനുഷ്യനെ ചേർത്തുനിർത്തുന്നു. (ഒന്നാം പ്രമാണവും, അതുവഴി പാലിക്കേണ്ട കാര്യങ്ങളും, ലംഘിക്കപ്പെടുന്ന സന്ദർഭങ്ങൾ, കാര്യങ്ങൾ എന്നിവ വിശദീകരിക്കണം.)

**കർമ്മരംഗത്ത്**

അന്ധവിശ്വാസത്തിനും, അബദ്ധപഠനങ്ങൾക്കും പിറകേ പോകുന്നവരെ കണ്ടെത്തുക, തിരുത്തുക.

**ഫാ. ബെന്നി മുതിരക്കാലായിൽ**
വിശ്വാസവർഷാചരണകമ്മിറ്റി കൺവീനർ

# മതബോധനരംഗം

## ക്രിസ്തുമസ് ആശംസകൾ

നവസുവിശേഷവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ, രക്ഷയുടെ സന്ദേശം കൈമാറുവാൻ ഒരവസരംകൂടി നമുക്ക് ലഭിച്ചിരിക്കുന്നു. സുവിശേഷസന്ദേശം എല്ലാവരിലും എത്തണമെന്നും അതിന്റെ പൂർണ്ണതയിൽ നാമെല്ലാവരും ദൈവത്തിൽ എത്തിച്ചേരണമെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. വിശ്വാസവിഷയ പഠനത്തിലൂടെ ദൈവവിശ്വാസത്തിന്റെയും ദൈവാശ്രയത്തിന്റെയും ആഴം വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിയണം. ഈശോയുടെ പിറവിത്തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

## അർദ്ധവാർഷിക പരീക്ഷ

കുട്ടികളുടെ അർദ്ധവാർഷികപരീക്ഷയുടെ ഫലം യഥാസമയത്ത് വിശകലനം ചെയ്ത് ആവശ്യമായ തിരുത്തലുകളും, പ്രോത്സാഹനങ്ങളും നൽകുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## DCC പ്രത്യേകശ്രദ്ധയ്ക്ക്

**4. ഡിബേറ്റ്**

IA വിബിൻ കുന്നത്ത് & ജെറീഷ് പാലുകുന്നേൽ– ചുങ്കക്കുന്ന് – കൊട്ടിയൂർ

IIB കിഷോർ പന്തയ്ക്കൽ & അനഘ ഇളയിടത്ത് – കമ്മന – പയ്യമ്പള്ളി

IIIB ആതിര പുളിക്കായത്ത് & ജ്യോതിഷ് പാണ്ടിപ്പള്ളി – കല്ലോടി –കല്ലോടി

**5. ക്വിസ്**

| | | | |
|---|---|---|---|
| I | ടിൽന മാണിശ്ശേരി & പാർട്ടി | വാഴവറ്റ | കൽപ്പറ്റ |
| II | ജിനു കൊച്ചുവെമ്പള്ളിൽ & പാർട്ടി | പാൽച്ചുരം | കൊട്ടിയൂർ |
| III | നീതു ചെമ്മരപ്പള്ളിൽ & പാർട്ടി | പേരിയ | മാനന്തവാടി |

**6. മിമിക്രി**

| | | | |
|---|---|---|---|
| IA | ബിൻസൺ തച്ചൂർ | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIA | നോബിൾ താന്നുവേലിയ്ക്കൽ | കൊട്ടിയൂർ | കൊട്ടിയൂർ |
| IIIA | അഖിൽ ഇമ്പാലിൽ | ആറാട്ടുതറ | പയ്യമ്പള്ളി |

**7. മോണോആക്ട്**

| | | | |
|---|---|---|---|
| IA | ഷാലു തൈപ്പറമ്പിൽ | കബനിഗിരി | പുൽപ്പള്ളി |
| IIA | അഞ്ജലി പുത്തൻപുരയ്ക്കൽ | പയ്യമ്പള്ളി | പയ്യമ്പള്ളി |
| IIIA | ജിജോ മാളിയേക്കൽ | അമ്പലവയൽ | ബത്തേരി |

| | | | |
|---|---|---|---|
| IIIA | ലിപി തലാപ്പിള്ളിൽ | ചുള്ളിയാന | കല്ലോടി |
| IIIA | അഖില കാഞ്ഞിരത്തിങ്കൽ | നെടുമ്പാല | കൽപ്പറ്റ |

**8. കഥാപ്രസംഗം**

| | | | |
|---|---|---|---|
| IA | അഞ്ജലി പുത്തൻപുരയ്ക്കൽ | പയ്യമ്പള്ളി | പയ്യമ്പള്ളി |
| IA | ആഷ്‌ലിറോസ് | കൽപ്പറ്റ | കൽപ്പറ്റ |
| IIB | ഷാലു തൈപ്പറമ്പിൽ | കബനിഗിരി | പുൽപ്പള്ളി |
| IIIB | ഇമ്മാനുവേൽ ഉറുമ്പിൽ | കൊട്ടിയൂർ | കൊട്ടിയൂർ |

**9. സംഘഗാനം**

| | | | |
|---|---|---|---|
| IA | വിത്സൺ തച്ചൂർ & പാർട്ടി | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIA | റ്റാലിമ & പാർട്ടി | കമ്മന | പയ്യമ്പള്ളി |
| IIIA | ആനന്ദ് അറയ്ക്കൽ & പാർട്ടി | വൈത്തിരി | കൽപ്പറ്റ |

**10. കെ.സി.വൈ.എം. ആന്തം**

| | | | |
|---|---|---|---|
| IA | അഞ്ജലി പുലിക്കുന്നേൽ & പാർട്ടി | കബനിഗിരി | പുൽപ്പള്ളി |
| IIA | നീതു ഓരത്തേൽ & പാർട്ടി | കൊട്ടിയൂർ | കൊട്ടിയൂർ |
| IIIB | അക്ഷയ് ആലയ്ക്കൽ & പാർട്ടി | കല്ലോടി | കല്ലോടി |

**11. മൈം**

| | | | |
|---|---|---|---|
| IA | ബിജോ പൂവത്തോലിക്കുഴി & പാർട്ടി | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIA | ക്രിസ് മുകളേൽ & പാർട്ടി | കല്ലോടി | കല്ലോടി |
| IIIA | അമൽ കൈപ്പെട്ടിയിൽ & പാർട്ടി | കാവുംമന്ദം | തരിയോട് |

**12. തെരുവ് നാടകം**

| | | | |
|---|---|---|---|
| IA | സെബിൻ കടകേലിൽ & പാർട്ടി | പോരൂർ | മാനന്തവാടി |
| IIA | അനുഗ്രഹ നമ്പുടാകം & പാർട്ടി | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIIA | ആതിര പുളിക്കായത്ത് & പാർട്ടി | കല്ലോടി | കല്ലോടി |

**13. പരിചമുട്ട് കളി**

| | | | |
|---|---|---|---|
| IA | സജു വയലിൽ & പാർട്ടി | പാൽച്ചുരം | കൊട്ടിയൂർ |
| IIC | അമൽ തൊട്ടിയിൽ & പാർട്ടി | കല്ലോടി | കല്ലോടി |
| IIC | അരുൺ കുന്നത്ത് & പാർട്ടി | മുള്ളൻകൊല്ലി | പുൽപ്പള്ളി |
| IIIC | അനൂപ് മേപ്പുറത്ത് & പാർട്ടി | പയ്യമ്പള്ളി | പയ്യമ്പള്ളി |

**14. ചവിട്ടുനാടകം**

| | | | |
|---|---|---|---|
| IA | സോബിൻ വല്യാറ & പാർട്ടി | കുറുമണി | തരിയോട് |
| IIB | നോബിൾ താണുവേലിൽ & പാർട്ടി | കൊട്ടിയൂർ | കൊട്ടിയൂർ |
| IIIB | നിഖിൽ മെതിപ്പാറ & പാർട്ടി | കല്ലോടി | കല്ലോടി |

**15. മാർഗ്ഗംകളി**

| | | | |
|---|---|---|---|
| IA | അനഘ രണ്ടാനിയ്ക്കൽ & പാർട്ടി | മുള്ളൻകൊല്ലി | പുൽപ്പള്ളി |
| IIA | അനീഷ് തലാപ്പിള്ളിൽ & പാർട്ടി | ചുള്ളിയാന | കല്ലോടി |
| IIIB | നീന വെളിയത്ത് & പാർട്ടി | പയ്യമ്പള്ളി | പയ്യമ്പള്ളി |

## ഉത്സവ് 2012 – ആലപ്പുഴ

കെ.സി.വൈ.എം. പ്രസ്ഥാനത്തിലെ യുവപ്രതിഭകളുടെ കലാ-സാഹിത്യ വൈഭവം മാറ്റുരക്കപ്പെടുന്ന സംസ്ഥാന കലോത്സവം ഉത്സവ് 2012 ഈ വർഷം ആലപ്പുഴ രൂപതയുടെ ആതിഥേയത്വത്തിൽ 2012 ഡിസംബർ 7, 8, 9 തീയതികളിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ വച്ച് നടത്തപ്പെട്ടു. രൂപത മത്സരങ്ങൾക്ക് വ്യക്തിഗത ഇനങ്ങളിൽ A ഗ്രേഡോടെ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്കും (രണ്ട് ഒന്നാം സ്ഥാനമുണ്ടെങ്കിൽ രണ്ടാംസ്ഥാനം പരിഗണിക്കില്ല) ഗ്രൂപ്പിനത്തിൽ A ഗ്രേഡോടുകൂടി ഒന്നാം സ്ഥാനം നേടിയവർക്കും മാത്രമേ പങ്കെടുക്കാൻ അനുവാദമുണ്ടായിരിക്കുകയുള്ളൂ. അർഹതയുള്ളവരെ രൂപതാ ഓഫീസിൽ നിന്നും നേരിട്ട് വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

## യൂണിറ്റ് ഇലക്ഷൻ

2013 വർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് എത്രയും പെട്ടെന്ന് പൂർത്തിയാക്കി അവരുടെ ഫോൺനമ്പർ ഉൾപ്പെട്ട ലിസ്റ്റുകൾ ഡിസംബർ 10 നു മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

## മേഖലാ ഇലക്ഷൻ

2013 വർഷത്തേക്കുള്ള മേഖല ഇലക്ഷൻ മേഖല വാർഷികസെനറ്റ് വിളിച്ചുചേർത്ത് നടത്തി ലിസ്റ്റുകൾ ഡിസംബർ 15 ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

## രൂപതാ വാർഷികവും ഇലക്ഷനും

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ വാർഷികസെനറ്റും 2013 വർഷത്തേക്കുള്ള ഇലക്ഷനും 2012 ഡിസംബർ 29-ന് രാവിലെ 9.00 മണി മുതൽ ദ്വാരക എ.യു.പി. സ്കൂളിൽ വച്ചു നടത്തും. 2013 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട മേഖല ഭാരവാഹികളാണ് വാർഷിക സെനറ്റിൽ പങ്കെടുക്കേണ്ടത്.

## Youcat – 180 രൂപയ്ക്ക്

യുവജനമതബോധന ഗ്രന്ഥം Youcat 180 രൂപയ്ക്ക് രൂപതാ ഓഫീസിൽ നിന്നും വിതരണം ചെയ്യും. 200 കോപ്പികളാണ് ഈ വിലയ്ക്ക് വിതരണം ചെയ്യുക.

## കെ.സി.വൈ.എം. പ്രവർത്തക അവാർഡുകൾ

പ്രവർത്തക അവാർഡുകൾക്കായുള്ള നോമിനേഷനുകൾ ഡിസംബർ 10-ാം തീയതിക്ക് മുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണ്.

മികച്ച യൂണിറ്റ് പ്രവർത്തകർക്കുള്ള നോമിനേഷനുകളായി യൂണിറ്റ് ഡയറക്ടർ ഒരു പ്രവർത്തകന്റെയും പ്രവർത്തകയുടെയും പേര് ഓഫീസിൽ അറിയിക്കേണ്ടതാണ്. മേഖലാ പ്രവർത്തകർക്കുള്ള നോമിനേഷനുകൾ മേഖല ഡയറക്ടർ ആണ് അറിയിക്കേണ്ടത്. മികച്ച യൂണിറ്റ് മേഖലകൾക്കുള്ള അവാർഡിന് റിപ്പോർട്ട് സമർപ്പിച്ചവരെ മാത്രമേ പരിഗണിക്കുകയുള്ളൂ.

## യൂണിറ്റ് വാർത്തകൾ

### പുതിയിടംയൂണിറ്റ്

ഒക്ടോബർ മാസത്തിലെ ജപമാല കൂട്ടായ്മയിലും യൂദാശ്ലീഹായുടെ തിരുനാളിലും യുവജനങ്ങൾ സജീവമായി പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം നടത്തിയ സമ്മാനകൂപ്പണിന്റെ നറുക്കെടുപ്പ് നടത്തി. സമ്മാനങ്ങൾ വിതരണം ചെയ്തു. ഫണ്ട് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവച്ചു. പരിസ്ഥിതിസംരക്ഷണവും കൃഷിയോട് ആഭിമുഖ്യവും വളർത്തിക്കൊണ്ട് പരിസരശുചീകരണം നടത്തുകയും മഞ്ഞൾകൃഷിയുടെ കാട് നീക്കം ചെയ്യുകയുമുണ്ടായി.

### വെള്ളമുണ്ട യൂണിറ്റ്

കെ.സി.വൈ.എം. കല്ലോടി മേഖല നടത്തിയ സാഹിത്യമത്സരത്തിൽ വെള്ളമുണ്ട യൂണിറ്റ് രണ്ടാംസ്ഥാനം നേടി.

### വെള്ളൂന്നി യൂണിറ്റ്

ഒക്ടോബർ മാസത്തെ കൊന്തനമസ്കാരത്തിൽ യൂണിറ്റിലെ യുവതീയുവാക്കൾ പങ്കെടുത്തു പ്രാർത്ഥിച്ചു. വി. യൂദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ചുള്ള 9 ദിവസത്തെ വി. കുർബാനയിലും നൊവേനയിലും പങ്കെടുത്ത് അൾത്താരശുശ്രൂഷ, ഗാനശുശ്രൂഷ എന്നിവയ്ക്ക് നേതൃത്വം നൽകി. കെ.സി.വൈ.എമ്മിന്റെ കൊട്ടിയൂർ മേഖലകലാമത്സരം “യുവോത്സവിൽ” യൂണിറ്റ് രണ്ടാം സ്ഥാനം നേടി.

### ചുങ്കക്കുന്ന് യൂണിറ്റ്

ജപമാല പ്രദക്ഷിണത്തിന് ഒരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി. മാതാവിന്റെ രൂപം അലങ്കരിച്ചു. വി. യൂദാതദേവൂസിന്റെ തിരുനാളിൽ നേർച്ചഭക്ഷണം തയ്യാറാക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. ഒക്ടോബർ 31 ന് നടന്ന അഖണ്ഡ ജപമാലയിൽ യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. കൊട്ടിയൂർ മേഖലാ കലാമത്സരത്തിൽ ചുങ്കക്കുന്ന് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**വൈത്തിരി യൂണിറ്റ്**

രോഗീസന്ദർശനം നടത്തുകയും അവർക്ക് ഭക്ഷണം പാകം ചെയ്തു കൊടുക്കുകയും ചെയ്തു. ഒരു ആദിവാസി യുവതിക്ക് സാമ്പത്തിക സഹായം നൽകി. ഇടവകയിൽ നടന്ന ജപമാലക്കും കാഴ്ചവയ്പിനും മറ്റു പ്രാർത്ഥനകൾക്കും യുവജനങ്ങൾ നേതൃത്വം നൽകി. കാടുപിടിച്ചുകിടന്നിരുന്ന പള്ളിയിലേക്കുള്ള വഴി വെട്ടി വൃത്തിയാക്കി. രൂപത സാഹിത്യമത്സരത്തിലും മേഖലാകലാമത്സരത്തിലും പങ്കെടുത്തു.

**കാവുമംന്ദം യൂണിറ്റ്**

കൺവെൻഷന്റെ വിജയത്തിനായുള്ള ജപമാല മുടങ്ങാതെ ചൊല്ലുന്നു. തരിയോട് ഫൊറോനയുടെ കീഴിലുള്ള മുഴുവൻ വീട്ടുകാരെയും കൺവെൻഷന് ക്ഷണിക്കാനായി ഇടവക നേതൃത്വത്തോടൊപ്പം യുവജനങ്ങളും, ഇടവകകളും ഭവനങ്ങളും സന്ദർശിച്ചുവരുന്നു. യൂണിറ്റിലെ യുവജനങ്ങൾ "കെരൂബ്" എന്ന പേരിൽ കൈയ്യെഴുത്തുമാസിക തയ്യാറാക്കി. വിശ്വാസവർഷ പ്രഖ്യാപനത്തോടനുബന്ധിച്ച് നടത്തിയ ജപമാലറാലിയിൽ മാതാവിന്റെ തിരുസ്വരൂപം വഹിക്കുന്ന വാഹനം യുവജനങ്ങൾ അലങ്കരിക്കുകയും പങ്കെടുത്തു പ്രാർത്ഥിക്കുകയും ചെയ്തു. പള്ളിയുടെ പൂന്തോട്ടം വൃത്തിയാക്കി വളമിട്ടു. ദ്വാരക അൽഫോൻസ ദേവാലയം സന്ദർശിച്ച് പ്രാർത്ഥിച്ചു.

**പുതിയിടംകുന്ന് യൂണിറ്റ്**

വൈദികഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായുള്ള ശ്രമദാനത്തിൽ 19 യുവജനങ്ങൾ പങ്കെടുത്തു. ഇടവകയിലെ ജപമാലയിൽ യുവജനങ്ങൾ സംബന്ധിക്കുകയും 8-ാം തീയതിയിലെ ജപമാലയ്ക്കും വി.കുർബാനയിലെ ശുശ്രൂഷകൾക്കും യുവജനങ്ങൾ നേതൃത്വം നൽകുകയും ചെയ്തു. ഭവനസന്ദർശനം നടത്തി, യുവജനധ്യാനത്തിൽ സംബന്ധിക്കുന്നതിനായി എല്ലായുവജനങ്ങളെയും ക്ഷണിച്ചു. ശാന്തിധാരയിൽ വച്ചുനടത്തിയ ധ്യാനത്തിൽ യൂണിറ്റിൽ നിന്നും 64 യുവജനങ്ങൾ പങ്കെടുത്തു. ഞായറാഴ്ചകളിൽ രാവിലെ 6.45 മുതൽ 7.45 വരെ ദേവാലയത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥന നടത്തിവരുന്നു.

**കുറുമണി യൂണിറ്റ്**

ഇടവകയിലെ ജപമാലയിൽ യുവജനങ്ങൾ പങ്കെടുത്തു പ്രാർത്ഥിക്കുകയും ഒക്ടോബർ 11 മുതൽ 20 വരെ സന്ധ്യാസമയത്ത് ദേവാല

യത്തിൽ ഒരുമിച്ചുകൂടി വിവിധ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ദേവാലയ നിർമ്മാണത്തിനുവേണ്ടിയുള്ള ഫണ്ട് സ്വരൂപിച്ചു. യുവജനവിശ്വാസവർഷം ഉദ്ഘാടനം ചെയ്തു. വിശ്വാസവർഷത്തിന്റെ പ്രാധാന്യം വിളിച്ചറിയിച്ചുകൊണ്ട് തരിയോട് മേഖലയിലെ 10 ഇടവകകളിലേയ്ക്ക് യൂണിറ്റിലെ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ ബൈക്ക് റാലി നടത്തി. രൂപതാസാഹിത്യമത്സരത്തിൽ ഉപന്യാസത്തിന് യൂണിറ്റിലെ സോബിൻ വല്യാറയ്ക്ക് ഒന്നാം സ്ഥാനവും കാർട്ടൂൺ രചനയ്ക്ക് ആഷിക്കിന് രണ്ടാം സ്ഥാനവും ലഭിച്ചു. സ്ത്രീസുരക്ഷ, ലഹരിക്കെതിരെ ജാഗ്രത, തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ച് തെരുവുനാടകം അവതരിപ്പിച്ചു.

**ആറാട്ടുതറ യൂണിറ്റ്**

എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 6.15 ന് ആരാധനയും വി.കുർബാനയും തുടർന്ന് കെ.സി.വൈ.എം. ന്റെ മീറ്റിംഗും നടത്തി വരുന്നു. നവംബർ മാസത്തിൽ സെമിത്തേരി സന്ദർശിച്ച് മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. വാർദ്ധകൃത്തിലും രോഗത്തിലും കഴിയുന്ന മാതാപിതാക്കളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ഇടവക ദേവാലയനിർമ്മാണത്തിൽ സഹായിച്ചു വരുന്നു.

**ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ**
രൂപതാജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഒക്ടോബർ 26 മുതൽ 29 വരെ നടന്ന കോഴ്സിൽ 90 പേരും നവംബർ 9 മുതൽ 12 വരെ നടന്ന കോഴ്സിൽ 85 പേരും നവംബർ 19 മുതൽ 22 വരെ നടന്ന കോഴ്സിൽ 63 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദി പൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഡിസംബർ 21-24 | - | മണിമൂളി പാസ്റ്ററൽ സെന്റർ |
| ഡിസംബർ 28-31 | - | ദ്വാരക പാസ്റ്ററൽ സെന്റർ |

**കത്തോലിക്കാ മാതൃസംഘടന**

രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ 07 ന് ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, രൂപതാ എക്സിക്യൂട്ടീവ്, ഫൊറോനതല വിമൻസ് കമ്മീഷൻ സെക്രട്ടറിമാർ എന്നിവരുടെ സംയുക്ത എക്സിക്യൂട്ടീവ് ചേർന്നു. കഴിഞ്ഞ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും, വിലയിരുത്തുകയും 2013 വർഷ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഡിസംബർ 12 നുള്ള ജനറൽബോഡി, രൂപതാ ഇലക്ഷൻ, 2013 പ്രവർത്തന മാർഗ്ഗരേഖ, ഏപ്രിൽ മാസത്തിൽ നടക്കുന്ന മത്സരങ്ങൾ, ബെസ്റ്റ് ശാഖാ തെരഞ്ഞെടുപ്പിന്റെ നിബന്ധനകൾ ഇവയെല്ലാം ചർച്ച ചെയ്തു തീരുമാനങ്ങൾ കൈക്കൊണ്ടു. ഓരോ ശാഖയിലെയും വിധവകളുടെ ബയോഡാറ്റ ശേഖരിച്ച് ഡിസംബർ 31 ന് മുമ്പ് രൂപതയിൽ എത്തിക്കുവാനും തീരുമാനിച്ചു. പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി ഏവർക്കും നന്ദിയർപ്പിച്ചു. പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

1. 2012 ഡിസംബർ 31-ാം തീയതിക്കുള്ളിൽ മാതൃസംഘാംഗങ്ങളായി

രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ 2013 ലെ മാതൃസംഘടനാ മത്സരങ്ങളിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കൂ. അംഗത്വം എടുക്കുമ്പോൾ ഓരോ ഇടവകയിലെയും പുതിയതും പഴയതുമായ എല്ലാവരുടെയും കാർഡ് പുതുക്കണം.

2. 2013–15 ലെ പ്രവർത്തനവർഷത്തേയ്ക്ക് ഇടവകകളിൽ തെരഞ്ഞെടുക്കപ്പെട്ട മാതൃസംഘടന, ഭാരവാഹികളുടെ ലിസ്റ്റ് ഇടവകാ ലെറ്റർപാഡിൽ എഴുതി ഡയറക്ടർ, ആനിമേറ്റർ, സെക്രട്ടറി എന്നിവരുടെ ഒപ്പോടെ 2012 ഡിസംബർ 11 ന് ആനിമേറ്റേഴ്സ് മീറ്റിന്റെ അവസരത്തിൽ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
3. ഫൊറോന വിമൻസ് കമ്മീഷൻ സെക്രട്ടറി ഓരോ ഫൊറോനയിലെയും എക്സിക്യൂട്ടീവിൽ അംഗമാക്കേണ്ടതാണ്. എക്സിക്യൂട്ടീവ് അംഗമെന്ന നിലയിൽ ഫൊറോനയിലെ വിമൻസ് കമ്മീഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ സാധിക്കും.
4. ഓരോ ഇടവകയിലും മാതൃസംഘം എക്സിക്യൂട്ടീവിൽ വിമൻസ് കമ്മീഷന്റെ ഉത്തരവാദിത്വം ഒരാളെ പ്രത്യേകമായി ഏൽപ്പിക്കുകയോ, പുതുതായി  ഒരാളെ ഈ ഉത്തരവാദിത്വത്തോടെ എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുക്കുകയോ ചെയ്യണം.
5. 2013 മാർച്ച് 23–ാം തീയതിയ്ക്ക് മുമ്പായി ഓരോ ഫൊറോനയിലെയും മത്സരങ്ങളുടെ ഫലങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതുകൊണ്ട് ഇടവകാതല മത്സരങ്ങൾ മാർച്ച് 10 ന് മുമ്പ് നടത്താൻ ശ്രദ്ധിക്കുന്നത് നല്ലതാണ്.
6. **മത്സര ഇനങ്ങൾ**

   പ്രബന്ധം, കഥ, കവിത, പ്രസംഗം, ലളിതഗാനം, മോണോ ആക്ട്, ബൈബിൾ വാക്യ പഠനം, ക്വിസ്, ബൈബിൾ വായന, ഓർമ്മ പരിശോധന, ഏകാങ്കം, സംഘഗാനം, ബൈബിൾ ദൃശ്യാവതരണം.

6. **വിഷയങ്ങൾ**

   a). ഉപന്യാസം, കഥ, കവിത, പ്രസംഗം – യോഹന്നാൻ 6

   b). ഏകാങ്കം – വിശ്വാസ കൈമാറ്റം കുടുംബത്തിലൂടെ

   c). ക്വിസ് – ലൂക്ക 1–12 (60%), വിശ്വാസത്തിന്റെ വാതിൽ (30%), മാതൃസംഘടനാ നിയമാവലി (10%).

**നിബന്ധനകൾ**

1. ബൈബിൾ വാക്യ പഠനത്തിന് തയ്യാറാക്കിയ ഒരു പഠന സഹായി

തരുന്നതായിരിക്കും. അതിൽ നിന്നും മൂന്ന് മിനിറ്റുകൾകൊണ്ട് ഏറ്റവും കൂടുതൽ എഴുതുന്നവർക്കാണ് സമ്മാനം.

2. ഓർമ്മ പരിശോധന ബൈബിളിൽ നിന്നുള്ള പേരുകൾ 3 മിനിറ്റ് കാണാനും, 5 മിനിറ്റ് എഴുതാനും. തുല്യത വന്നാൽ ക്രമം പരിഗണിക്കുന്നതാണ്.
3. എഴുത്തുമത്സരങ്ങൾക്ക് ഓരോ മണിക്കൂർ സമയം ഉണ്ടായിരിക്കും.
4. സംഘഗാനം മൂന്ന് Stanza ഉള്ള ഒരു ഗാനം മാത്രം.
5. മോണോ ആക്ട് അഞ്ച് മിനിറ്റ് സമയം മാത്രം.
6. കലാമത്സരങ്ങളിൽ ഒരാൾക്ക് സിംഗിൾ ഇനങ്ങളിൽ 3 എണ്ണത്തിനും ഗ്രൂപ്പ് ഇനങ്ങളിൽ മൂന്ന് എണ്ണത്തിനും, സാഹിത്യമത്സങ്ങളിൽ മൂന്ന് ഇനങ്ങളിലും പങ്കെടുക്കാം.
7. എഴുത്തു മത്സരങ്ങളിൽ
   a). പ്രബന്ധം 4 പേജ്
   b). കഥ 2 പേജ്
   c). കവിത 20 Lines

**വെള്ളമുണ്ട യൂണിറ്റ്**

ഒക്ടോബർ 01 മുതൽ 31 വരെ അമ്മമാരുടെ നേതൃത്വത്തിൽ ജപമാല നടത്തി. 21 ന് അമ്മമാർ വി. കുർബാനയിലെ വായനകൾക്കും കാഴ്ചവെയ്പ്പിനും നേതൃത്വം കൊടുത്തു. വനിത സംഗമത്തിലും പങ്കെടുത്തു.

**വെള്ളൂന്നി യൂണിറ്റ്**

കരുണയുടെ കരം നീട്ടികൊണ്ട് വെള്ളൂന്നിയിലെ അമ്മമാർ സമരിറ്റൻഭവൻ, ശാന്തിനിലയം, സ്നേഹാലയം എന്നിവിടങ്ങൾ സന്ദർശിക്കുകയും ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ, മധുരപലഹാരങ്ങൾ, പണം എന്നിവ നൽകി സഹായിക്കുകയും ചെയ്തു. ഇതിനായി അവസരം ഒരുക്കിതന്ന എല്ലാവർക്കും നന്ദിയും സ്നേഹവും അറിയിക്കുന്നു.

**നടവയൽ ഫൊറോന**

നവംബർ 03 ന് ഉച്ചകഴിഞ്ഞ് ഫൊറോന ജനറൽ ബോഡി യോഗം നടന്നു. ഡിസംബർ 15 ന് ഫൊറോനയിലെ അമ്മമാർക്കായി കരോൾഗാനം, ലളിതഗാനം എന്നീ മത്സരങ്ങൾ നടത്തുന്നതിനും ലോഗോസിന് ഫൊറോനയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച രണ്ട് പേർക്ക് പ്രോത്സാഹന സമ്മാനം നൽകുന്നതിനും തീരുമാനിച്ചു.

**നീലഗിരി റീജിയൺ**

നവംബർ 06 ന് അരുൾനിലയം പള്ളിയിൽ വെച്ച് റീജിയണിലെ മാനേജിംഗ് കമ്മിറ്റി ചേർന്നു. പുതിയ ഭാരവാഹികൾ:- പ്രസിഡന്റ് ശ്രീമതി തങ്കമ്മ ഓലപ്പുരയ്ക്കൽ - ധർമ്മഗിരി, വൈസ്പ്രസിഡന്റ് ശ്രീമതി ലൗലി വട്ടുകുളം- പുത്തൂർവയൽ, സെക്രട്ടറി ശ്രീമതി വത്സമ്മ കൊല്ലംകുന്നേൽ - കുന്നലാടി, ജോ. സെക്രട്ടറി ശ്രീമതി ലീലാമ്മ കരേക്കുടി - മച്ചിക്കൊല്ലി, ട്രഷറർ ശ്രീമതി മോളി പാലത്തിനടി - മണ്ണുവയൽ.

**മാനന്തവാടി ഫൊറോന**

ഒക്ടോബർ 26 ന് മാനന്തവാടി ഫൊറോന ജനറൽ ബോഡി ബഹു. ജോണി പെരുമാട്ടിക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചു. റവ. ഫാ. ബിജോ കറുകപ്പള്ളി മുഖ്യ അതിഥി ആയിരുന്നു. സ്വാഗതത്തിനുശേഷം റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. റവ. ഫാ. ബിജോ കറുകപ്പള്ളി സന്ദേശം നൽകി. KLM ന്റെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമാക്കി. ആനിമേറ്ററുടെ നന്ദിയോടെ യോഗം അവസാനിച്ചു.

പുതിയ ഭാരവാഹികൾ:- ഡയറക്ടർ റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേൽ, ആനിമേറ്റർ സി. ജോസ്ന SKD, പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി - പോരൂർ, വൈസ്പ്രസിഡന്റ് ശ്രീമതി മേഴ്സി അരഞ്ഞാണിയിൽ - മുതിരേരി, സെക്രട്ടറി ശ്രീമതി സ്വപ്ന തയ്യനാട്ടുവെളിയിൽ - മാനന്തവാടി, ജോ. സെക്രട്ടറി ശ്രീമതി സെലിൻ കോട്ടായിൽ - കണിയാരം, ട്രഷറർ ശ്രീമതി സിജി ചിറമുഖത്ത് - യവനാർകുളം, കൗൺസിലേഴ്സ് 1). ശ്രീമതി ജെസ്സി കവളനാൽ - കരിമാനി, 2). ശ്രീമതി തങ്കമണി - പാറത്തോട്ടം.

**തരിയോട് ഫൊറോന**

നവംബർ 03 ന് ജനറൽബോഡി യോഗം ചെന്നലോട് ഇടവകയിൽ വെച്ച് ചേർന്നു. ബഹു. പാലക്കിയച്ചൻ അദ്ധ്യക്ഷനായിരുന്നു. ഫൊറോന ആനിമേറ്റർ സ്വാഗതം ആശംസിച്ചു. സെക്രട്ടറി അന്നമ്മ റിപ്പോർട്ടും ട്രഷറർ അന്നമ്മ കണക്കും അവതരിപ്പിച്ചു. ഫൊറോനയിലെ 07 യൂണിറ്റിൽ നിന്നുമായി 35 പേർ പങ്കെടുത്തു. ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഡിസംബർ മാസത്തിൽ അഖണ്ഡ ജപമാല നടത്തുവാൻ തീരുമാനിച്ചു. ഫൊറോനയിലെ ബെസ്റ്റ് ശാഖയായി കാവുംമന്ദം ശാഖയെ തെരഞ്ഞെടുത്തു.

പുതിയ ഭാരവാഹികൾ:- പ്രിസിഡന്റ് ശ്രീമതി അന്നമ്മ കാവാലം

– കുറുമ്പാല, വൈസ്പ്രസിഡന്റ് ശ്രീമതി വെനീസ് കൊച്ചുകുളത്തി ങ്കൽ – ചെന്നലോട്, സെക്രട്ടറി ശ്രീതി തങ്കമ്മ ഒറ്റപ്ലാക്കിൽ – തരി യോട്, ജോ. സെക്രട്ടറി ശ്രമതി ഷിജി മൂത്തേടത്ത് – കാവുംമന്ദം, ട്രഷറർ ശ്രമതി അന്നമ്മ പൊൻതൊട്ടിയിൽ – തരിയോട്, കൗൺസിലേഴ്സ് 1). ശ്രീമതി വത്സമ്മ അറയ്ക്കപറമ്പിൽ – കോട്ടത്തറ, 2). ശ്രീമതി റോസമ്മ പടിഞ്ഞാറെകടുപ്പിൽ – കുറുമണി, 3). ശ്രീമതി ഷാന്റി ചെമ്പകശ്ശേരി – പുതുശ്ശേരിക്കടവ്. ശ്രീമതി അന്നമ്മ പൊൻതൊട്ടിയിൽ നന്ദി രേഖപ്പെടുത്തി.

**കല്പ്പറ്റ ഫൊറോന**

നവംബർ 01 ന് കല്പ്പറ്റ പള്ളിയിൽ വെച്ച് ഫൊറോന ഡയറ ക്ടർ ബഹു. വയലിൽ അച്ചന്റെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹിക ളുടെ മീറ്റിംഗ് ചേർന്നു. ശ്രീമതി റോസമ്മ സ്വാഗതം പറഞ്ഞു. വയലി ലച്ചൻ ക്ലാസ്സെടുത്തു. ആനിമേറ്റർ സി. കുസുമം എല്ലാവർക്കും നന്ദിയും അർപ്പിച്ചു.

പുതിയ ഭാരവാഹികൾ:– പ്രസിഡന്റ് ശ്രീമതി റോസമ്മ മാന്ദങ്കരി –തെനേരി, വൈസ് പ്രസിഡന്റ് ശ്രീമതി ലിസി പാലത്തടത്തിൽ – വാഴ വറ്റ, സെക്രട്ടറി ശ്രീമതി വിജി നെല്ലിക്കുന്നേൽ – കൊളവയൽ, ജോ. സെക്രട്ടറി ശ്രീമതി മെർലിൻ തോമസ് – കല്പ്പറ്റ, ട്രഷറർ ശ്രീമതി ആലീസ് ഉതിമൂട്ടിൽ – വൈത്തിരി, കൗൺസിലേഴ്സ് 1). ശ്രീമതി ഐസി റോജി – ചാരിറ്റി, 2). ശ്രീമതി മെർളിൻ ഷാജി – കല്പ്പറ്റ.

**വടപുറം യൂണിറ്റ്**

അമ്മമാർ ഭവനസന്ദർശനം നടത്തി, ജപമാല റാലിയിൽ പങ്കെ ടുത്തു. സി. നൈസിയുടെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി, ഒക്ടോബർ മാസത്തെ ജപമാലയ്ക്ക് നേതൃത്വം കൊടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പടമല യൂണിറ്റ്**

ബഹു. സണ്ണിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി. ഇടവക യിലെ കിടപ്പ് രോഗികളെ സന്ദർശിച്ചു. രണ്ടാമത്തെ വെള്ളിയാഴ്ച അമ്മ മാരുടെ നേതൃത്വത്തിൽ ഗവ. ആശുപത്രിയിൽ ഭക്ഷണം നൽകുകയും പ്രാർത്ഥിക്കുകയും ചെയ്തു. അഖണ്ഡജപമാലയ്ക്ക് നേതൃത്വം കൊടുത്തു.

**വഞ്ഞോട് യൂണിറ്റ്**

ഒക്ടോബർ 04 ന് ബഹു. സജി പുതുക്കുളങ്ങര അച്ചന്റെ നേതൃ ത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. വിശ്വാസവർഷത്തിൽ ഇടവ

കയെ മദ്യവിമുക്ത ഇടവകയായി തീർക്കുന്നതിനായി ജപമാല മാസത്തിൽ അമ്മമാർ പരിഹാര മനോഭാവത്തോടെ പ്രാർത്ഥിക്കണമെന്ന് അച്ചൻ അമ്മമാരെ ഉദ്ബോധിപ്പിച്ചു. 13 ന് തോണിച്ചാൽ പള്ളിയിൽ വെച്ച് നടന്ന സെമിനാറിലും വി. ബലിയിലും അമ്മമാർ പങ്കുചേർന്നു. 22 മുതൽ നടന്ന കൊന്തനമസ്കാരത്തിലും മറ്റു ശുശ്രൂഷകൾക്കും നേതൃത്വം കൊടുത്തു. നവംബർ മാസത്തിനൊരുക്കമായി അമ്മമാർ സിമിത്തേരിയും പരിസരങ്ങളും വൃത്തിയാക്കി.

**പുതിയിടം യൂണിറ്റ്**

ഒന്നാം തീയതി മുതൽ ആരംഭിച്ച 10 വീടുകൾ ചേർന്നുള്ള കൊന്തകൂട്ടായ്മയിൽ അമ്മമാരുടെ നേതൃത്വം സജീവമായിരുന്നു. യൂദാ ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ പ്രായാധിക്യത്തിലെത്തിയ മാതാപിതാക്കളെ ദേവാലയത്തിൽ കൊണ്ടുവന്ന് എല്ലാ കർമ്മങ്ങളിലും സംബന്ധിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തു. നേർച്ച ഭക്ഷണത്തിനും ഇടവകാംഗങ്ങളോടുള്ള സൗഹൃദത്തിനും ശേഷം എല്ലാവരേയും ജീപ്പിൽ വീട്ടിലെത്തിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മാനന്തവാടി ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ യൂണിറ്റ് ഭാരവാഹികളും ആനിമേറ്ററും സംബന്ധിച്ചു.

**ഇടിവണ്ണ യൂണിറ്റ്**

ഒക്ടോബർ മാസത്തിന്റെ എല്ലാ ദിവസവും അമ്മമാരുടെ നേതൃത്വത്തിൽ വി. കുർബാനയ്ക്ക് മുമ്പ് ജപമാല അർപ്പിച്ചു. 12 ന് ഫൊറോന ഡയറക്ടർ ബഹു. ബിജു അച്ചനും ഫൊറോന ഭാരവാഹികളും യൂണിറ്റ് വിസിറ്റ് നടത്തി രേഖകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി. 13 ന് യൂണിറ്റ് എക്സിക്യൂട്ടീവ് ചേർന്നു. മൂന്നു രോഗികൾക്കായി 9000 രൂപ കൊടുക്കുകയും ചെയ്തു. 20 ന് ഡോ. സി. സ്റ്റെഫീനയുടെ ക്ലാസ്സ് ഉണ്ടായിരുന്നു. 25, 26 എന്നീ തീയതികളിൽ ഇടവകയിലെ കൊന്തനമസ്കാരത്തിന്റെ സമാപനത്തിനായി ദീപകാഴ്ചകൾ ഒരുക്കുന്നതിന് അമ്മമാർ ഒത്തുചേർന്നു. ഒക്ടോബർ 27 ന് വടപുറത്ത് വെച്ച് നടന്ന ജപമാല റാലിയിൽ 10 അമ്മമാർ പങ്കെടുത്തു. ഫൊറോന ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഭാരവാഹികളുടെ യോഗം ചേർന്നു. ഫൊറോന സെക്രട്ടറിയായി ഇടിവണ്ണയിൽ നിന്നുള്ള ശ്രീമതി താജ് വേമ്പേനിക്കലിനെ തെരഞ്ഞെടുത്തു. 31 ന് ഇടിവണ്ണ ടൗണിലെ കുരിശിൻചുവട്ടിൽ അമ്മമാർ വൈകുന്നേരം ജപമാല അർപ്പിച്ചു. ശ്രീമതി ചിന്നമ്മ പാലോത്തിന് E വിഭാഗത്തിൽ രൂപതയിൽ രണ്ടാം സ്ഥാനം ലഭിച്ചു, അഭിനന്ദനങ്ങൾ.

**കരണി യൂണിറ്റ്**

ഒക്ടോബർ 13 ന് വടക്കനാട് വെച്ച് നടന്ന ജപമാല റാലിയിൽ യൂണിറ്റിൽ നിന്ന് 13 അമ്മമാർ പങ്കെടുത്തു. 14 ന് യൂണിറ്റ് എക്സിക്യൂട്ടീവ് കൂടി മാസ റിപ്പോർട്ട്, കണക്ക് ഇവ വിലയിരുത്തുകയും ചെയ്തു. 23 ന് ശ്രീ. തോമസ് ഏറണാട്ട് "കുടുംബങ്ങൾ നവീകരണത്തിലേയ്ക്ക്" എന്ന വിഷയത്തെക്കുറിച്ച് ദമ്പതികൾക്കായി ഒരു സെമിനാർ നടത്തി. ആനിമേറ്റർ സി. അർപ്പിത സ്വാഗതവും ശ്രീമതി കൊച്ചുത്രേസ്യ കന്നുതൊട്ടിയിൽ നന്ദിയും പറഞ്ഞു. 28 ന് ഹോളി ഫാമിലി വാർഡിലെ അമ്മമാർ ദിവ്യബലിയിൽ കാഴ്ചസമർപ്പണം നടത്തി. 22 മുതൽ 31 വരെ നടന്ന കൊന്തനമസ്കാരത്തിൽ അമ്മമാരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

**കല്ലോടി ഫൊറോന**

ഒക്ടോബർ 20 ന് തോണിച്ചാലിൽ വെച്ച് കല്ലോടി ഫൊറോനയുടെ വനിതാസംഗമവും, ജനറൽബോഡി യോഗവും നടന്നു. ഡയറക്ടർ ബഹു. സജിയച്ചന്റെ അദ്ധ്യക്ഷതയിൽ വികാരി ബഹു. ജെയിംസ് കുളത്തിനാൽ അച്ചൻ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചനും ടീമും ക്ലാസ്സുകൾ നയിച്ചു. ബഹു. ഡെന്നീസച്ചൻ *മക്കൾക്കുവേണ്ടി കർത്താവിന്റെ മുമ്പിൽ നടത്തേണ്ട മാദ്ധ്യസ്ഥത്തെക്കുറിച്ചും* ഫാ. ബിനു വടക്കേൽ *മക്കളുടെ വളർച്ചയിൽ മാതാപിതാക്കളുടെ പങ്ക്* എന്ന വിഷയത്തെക്കുറിച്ചും, മോളി ടീച്ചർ വ്യക്തിത്വവികാസത്തിന് സ്വാധീനിക്കുന്ന ഘടകങ്ങൾ എന്നതിനെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു. 14 യൂണിറ്റിൽ നിന്നുമായി 148 പേർ പങ്കെടുത്തു.

തുടർന്ന് കുർബാനയ്ക്കും ജപമാലയ്ക്കും സജിയച്ചൻ നേതൃത്വം കൊടുത്തു. സജിയച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു.

പുതിയ ഭാരവാഹികൾ:- ഡയറക്ടർ റവ. ഫാ. സജി പുതുക്കുളങ്ങര, ആനിമേറ്റർ സി. ലൂസിയ മാത്യു എസ്.കെ.ഡി. , പ്രസിഡന്റ് ശ്രീമതി ലില്ലി വെള്ളാംരംകാട്ടിൽ – വഞ്ഞോട്, വൈസ് പ്രസിഡന്റ് ശ്രീമതി കൊച്ചുറാണി തെക്കേതിൽ – കരിമ്പിൽ, സെക്രട്ടറി ശ്രീമതി മോളി തോപ്പിൽ –ചുള്ളിയാന, ജോ. സെക്രട്ടറി ശ്രീമതി ലീലാമ്മ തോട്ടക്കര – തോണിച്ചാൽ, ട്രഷറർ ശ്രീമതി ഏലിയാമ്മ കുന്നത്ത് – കല്ലോടി, കൗൺസിലേഴ്സ് 1). ശ്രീമതി ലിജി വരിക്കാംതൊട്ടിയിൽ – ദ്വാരക, 2). ശ്രീമതി റോസമ്മ തൈയ്യനാട്ടുവെളിയിൽ – കുഞ്ഞോം, 3). ശ്രീമതി ത്രേസ്യാമ്മ പാലക്കാട്ട് – ജൂഡ്സ്മൗണ്ട്.

**അടയ്ക്കാതോട് യൂണിറ്റ്**

അമ്മമാർക്കുവേണ്ടി ഒരു ഏകദിന സെമിനാർ നടത്തി. പ്രസ്തുത സെമിനാറിൽ വെച്ച് മാതൃസംഘടനയ്ക്ക് രൂപം കൊടുത്തു. ബഹു. ചാണ്ടിയച്ചൻ ക്ലാസ്സുകൾ നയിച്ചു. ബഹു. ജയിംസച്ചൻ, ആനി മേറ്റർ സി. അരുണ OSA, ശ്രീമതി ലിസ്സി എന്നിവർ പ്രസംഗിച്ചു. ഏകദേശം 300 അമ്മമാർ പങ്കെടുത്തു. പുതിയ ഭാരവാഹികൾ:- ഡയറക്ടർ റവ. ഫാ. ജെയിംസ് കുന്നത്തേട്ട്, ആനിമേറ്റർ സി. അരുണ OSA, പ്രസിഡന്റ് ശ്രീമതി ലിസ്സി ഈരയിൽ, വൈസ് പ്രസിഡന്റ് ശ്രീമതി മിനി ജോർജ്ജ്, സെക്രട്ടറി ശ്രീമതി വത്സമ്മ മുളകാട്ടിൽ, ജോ. സെക്രട്ടറി ശ്രീമതി മിനി പള്ളിവാതുക്കൽ, ട്രഷറർ ശ്രീമതി മറിയാമ്മ കൊച്ചുപുരയ്ക്കൽ, 7 അംഗ എക്സിക്യൂട്ടീവ് കമ്മറ്റിയെയും തെരഞ്ഞെടുത്തു.

**ആറാട്ടുതറ യൂണിറ്റ്**

നവംബർ 09 ന് മീറ്റിംഗ് ആരംഭിച്ചു. ശ്രീമതി ഡോളി ചാക്കോ സ്വാഗതം പറഞ്ഞു. ബഹു.വികാരിയച്ചൻ വി. ഗ്രന്ഥത്തെ ആസ്പദമാക്കി സന്ദേശം പറഞ്ഞു. പുതിയ തീരുമാനങ്ങൾ 1). ഓരോ വാർഡിലേയും 3 അംഗങ്ങളെ എക്സിക്യൂട്ടീവിലേയ്ക്ക് തെരഞ്ഞെടുത്തു. 2). മരിച്ച വിശ്വാസികൾക്കുവേണ്ടി ദിവസത്തിൽ ഒരു ജപമാല ചൊല്ലുക. 3). ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഭാരവാഹികളടക്കം വാർഡിലെ പ്രതിനിധികൾ വീട് സന്ദർശനം നടത്തുക. 4). വേദപാഠം പഠിക്കുന്ന എല്ലാ കുട്ടികളുടെയും അമ്മമാർ മാതൃസംഘത്തിൽ അംഗത്വം എടുക്കുക. 5). വീട് സന്ദർശനത്തിൽ വിധവകളുടെ കണക്കെടുക്കുക. 6). നവംബർ മാസത്തിൽ ഒരു അഗതിമന്ദിരം സന്ദർശിക്കുക. ഡിസംബർ മാസത്തിൽ ഫൊറോനായിൽ വെച്ച് നടത്തപ്പെടുന്ന കലാമത്സരങ്ങളിൽ എല്ലാ അമ്മമാരും പങ്കെടുക്കുക. ശ്രീമതി ഷേർളി സാബു യോഗത്തിൽ നന്ദി പറഞ്ഞു.

**മരിയൻ സിംഗിൾസ്**

നവംബർ 14 ന് ബഹു. ഡെന്നീസച്ചന്റെയും, ആനിമേറ്റർ സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു 11 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഡിസംബർ 18 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

2012 നവംബർ 2 ന് സോണൽ മീറ്റിംഗിൽ 73 ശുശ്രൂഷകർ പങ്കെടുത്തു. 9.45 ന് കുരിശിന്റെ വഴി ശ്രീമതി എൽസി കുളത്തിങ്കലും, ജപമാല സി. ആനി മാത്യു എഫ്.സി.സി. യും നിർവ്വഹിച്ചു. 12 മണിക്ക് ബഹു റെജി അച്ചൻ MI വി. ബലി അർപ്പിച്ച് സന്ദേശം നൽകി. സകല മരിച്ചവരുടെയും തിരുനാൾ ദിനമായ ഇന്ന് മരിച്ചവർക്കുവേണ്ടിയാണ് വി. ബലി അർപ്പിച്ചത്. മരണത്തേയും മരണാനന്തര ജീവിതത്തേയും പറ്റി പഠിക്കാൻ കൗൺസിൽ ഡിക്രിയും CCC യും പഠിപ്പിക്കുന്ന കാര്യങ്ങൾ വായിച്ചു മനസിലാക്കാൻ ബഹു. അച്ചൻ ആഹ്വാനംചെയ്തു. 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ അഭിഷേകപ്രാർത്ഥന നടത്തി ശുശ്രൂഷകരെ ശക്തീകരിച്ചു. ബഹു. അച്ചൻ ശുശ്രൂഷകർക്കുള്ള നിർദ്ദേശങ്ങൾ തന്നു. സിയോനുവേണ്ടിയും നേതൃത്വത്തിനുവേണ്ടിയും വിശ്വാസവർഷ കൺവെൻഷനുവേണ്ടിയും പ്രാർത്ഥിക്കണം. നമ്മുടെ മരണത്തെ മുന്നിൽകണ്ടുകൊണ്ട്, നിത്യജീവിതത്തെക്കുറിച്ച് പ്രത്യാശയുള്ളവരായി വിശുദ്ധിയോടെ ജീവിക്കണം തുടങ്ങിയ കാര്യങ്ങൾ നിർദ്ദേശിച്ചു. 3.15 ന് മീറ്റിംഗ് അവസാനിപ്പിച്ച് എൽഡറിംഗിനും പാസ്റ്ററിംഗിനും ശനിയാഴ്ചത്തേക്കുള്ള ഒരുക്കങ്ങൾക്കുമായി 6 മണിവരെയുള്ള സമയം വിനിയോഗിച്ചു.

**ജാഗരണപ്രാർത്ഥന**

6.30 ന് ജപമാല ശ്രീമതി ഷേർളി കലമറ്റത്തിൽ ലീഡ് ചെയ്തു. 7 pm ന് ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ക്ഷമിക്കുന്ന സ്നേഹം പരിശീലിക്കാൻ സഹായകമായ കാര്യങ്ങൾ പങ്കുവെച്ച് സംസാരിച്ചു. 1). നമ്മൾ മുറിവുള്ളവരാണ്. എനിക്ക് വേദനിച്ചു എന്ന് അംഗീകരിക്കുക. അവരോട് ദേഷ്യം, വെറുപ്പ് തോന്നി എന്ന് അംഗീകരിക്കുക. 2). പ്രതികാരം ചെയ്യാ

നുള്ള എതിർത്ത് പറയാനുള്ള ആഗ്രഹം, തോന്നൽ ദൈവതിരുമുമ്പിൽ സമർപ്പിക്കുക. 3). നമ്മെ വേദനിപ്പിച്ച വ്യക്തിയുടെ യഥാർത്ഥമുഖം കാണാൻ ശ്രമിക്കുക. പലപ്പോഴും ആ വ്യക്തി ചെയ്ത പ്രവർത്തിയെ നോക്കുന്നതാണ് ക്ഷമിക്കാൻ പ്രയാസം ഉണ്ടാക്കുന്നത്. 4). വേദനിപ്പിച്ച വ്യക്തിയുടെ ജീവിതത്തിൽ നല്ലതു സംഭവിക്കാൻ ആഗ്രഹിക്കുക. എന്റെ മനസിൽ നിന്നോട് വെറുപ്പില്ല. ഞാൻ ക്ഷമിക്കുന്നു. 5). സുഖമാക്കപ്പെട്ട ഈ ബന്ധങ്ങളെ ഒന്നുചേർന്ന് ആസ്വദിക്കാൻ പറ്റണം.

വി. ബലിക്കുശേഷം അത്താഴം, തുടർന്ന് കുരിശിന്റെ വഴി നടത്തി. അതിനുശേഷം ആരാധന 12 മണി വരെ ബഹു. മനോജ് അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. കർത്താവ് അനുഗ്രഹമാരി പൊഴിച്ച നിമിഷങ്ങളായിരുന്നു ആ ജാഗരണ രാത്രി. 12 മണിക്ക് പ്രാർത്ഥന അവസാനിപ്പിച്ച് എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യശനി ഏകദിന കൺവെൻഷൻ**

പ്രഭാതത്തിൽ 6 മണിക്ക് ജപമാലയോടുകൂടി ശുശ്രൂഷകൾക്ക് തുടക്കം കുറിച്ചു. 8.30 ന് സ്റ്റേജിൽ സപ്ര, ജപമാല, സ്തുതി ആരാധന എന്നിവ നടത്തി 10.30 ന് ബഹു. മനോജ് കാക്കോനാൽ അച്ചൻ വിശ്വാസവർഷത്തെപറ്റി വചനപ്രഘോഷണം നടത്തി. 12 PM ന് സോണി വാഴകാട്ട് അച്ചനും, മനോജ് കാക്കോനാൽ അച്ചനും, മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചനും ചേർന്ന് വി. ബലി അർപ്പിച്ചു. കുമ്പസാരം, കൗൺസിലിംഗ്, അഭിഷേക പ്രാർത്ഥന, ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നീ ശുശ്രൂഷകളും ഉണ്ടായിരുന്നു. 3.30 തോടുകൂടി ശുശ്രൂഷകൾ അവസാനിച്ചു.

**ദമ്പതികൂട്ടായ്മ**

10 AM ന് ജപമാലയോടുകൂടി കൂട്ടായ്മ ആരംഭിച്ചു. ശ്രീമതി മേരി പേര്യക്കോട്ടിൽ നേതൃത്വം നൽകി. 11 AM ന് ബഹു. ജയ്മോൻ കളമ്പുകാട്ടച്ചൻ വചനപ്രഘോഷണം നടത്തി 'വിശ്വാസവും കുടുംബജീവിതവും' എന്നതായിരുന്നു വിഷയം. 12 മണിക്ക് അച്ചൻ തന്നെ വി. ബലി അർപ്പിച്ചു. 40 ഓളം ദമ്പതികൾ പങ്ക് എടുത്തു. 4 മണിക്ക് ശുശ്രൂഷ അവസാനിച്ചു.

**കൗൺസിലിംഗ് ദിനം 10-11-2012**

രാവിലെ 9 മണിക്ക് കൗൺസിലിംഗ് ശുശ്രൂഷകൾ ആരംഭിച്ചു. 60 ഓളം പേർ കൗൺസിലിംഗിനായി വന്നുചേർന്നു. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചനും ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചനും സിയോൻ കൗൺസിലേഴ്സും കൗൺസിലിംഗ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ജാഗരണ പ്രാർത്ഥന**

മൂന്നാം വെള്ളി 6.30 PM മുതൽ ശനി രാവിലെ 6 AM വരെ ജാഗരണപ്രാർത്ഥന നടത്തി. 60 ഓളം പേർ പ്രാർത്ഥനയിൽ പങ്ക് എടുത്തു. സുവിശേഷമുന്നണി ടീം നേതൃത്വം നൽകി. ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിക്കുകയും ആരാധന നയിക്കുകയും ചെയ്തു.

**സിയോൻ ഡിസംബർ മാസത്തിൽ**

| | | |
|---|---|---|
| 1-ാം തീയതി | - | ആദ്യശനി കൺവെൻഷൻ |
| 8-ാം തീയതി | - | പൊതുകൗൺസിലിംഗ് |
| | | ദമ്പതികൂട്ടായ്മ |
| | | യുവജന ഏകദിന കൺവെൻഷൻ |
| 21-ാം തീയതി | - | ജാഗരണപ്രാർത്ഥന |
| 22-ാം തീയതി | - | സൗഖ്യ ദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
സിയോൻ ഡയറക്ടർ



# ജീസസ് യൂത്ത്, ക്രിസ്റ്റീൻ

1. +1, +2 കോളേജ് കുട്ടികൾക്കായി "വിന്റ് ഓഫ് ഗ്രെയ്സ് 2012" എന്ന പേരിൽ ജീസസ് യൂത്ത് ധ്യാനം ഒക്ടോബർ 19 മുതൽ 24 വരെ ദ്വാരക സിയോനിൽ നടത്തി. 275 യുവജനങ്ങൾ ധ്യാനത്തിൽ പങ്കെടുത്തു. രൂപതാ വികാരി ജനറാൾ റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ വി. ബലി അർപ്പിച്ച് ധ്യാനം ആരംഭിച്ചു. റവ. ഫാ. അഗസ്റ്റിൻ താന്നിയിൽ, റവ. ഫാ. മനോജ് കാക്കോനാൽ, റവ. ഫാ. ലാൽ പൈനുങ്കൽ, റവ. ഫാ. ബിജോ കറുകപ്പള്ളി, ശ്രീ. ബൈജു കൊച്ചുകുടിയിൽ, ശ്രീ. ജുബിൻ പുലിമല എന്നിവർ വചന പ്രഘോഷണം നടത്തി. 80 ജീസസ് യൂത്ത് ലീഡേഴ്സ് വിവിധ ശുശ്രൂഷകളിലൂടെ ധ്യാനത്തിൽ സഹായിച്ചു.
2. 2012 ഒക്ടോബർ 26 ന് ചെറുപുഷ്പ മിഷൻലീഗ് കല്പ്പറ്റ മേഖല സംഘടിപ്പിച്ച മേഖലാ അൾത്താരബാലസംഗമത്തിന് ജീസസ് യൂത്ത് ടീം നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി 70 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.
3. 2012 ഒക്ടോബർ 27, 28 തീയതികളിൽ കുന്നൂർ ഇടവകയിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. 80 കുട്ടികൾ ധ്യാനത്തിൽ സംബന്ധിച്ചു. ഫാ.മനോജ് കാക്കോനാൽ, സി. ടീന SH, സി. ധന്യ SKD, കുമാരി ലിന്റ പതിക്കൽ എന്നിവർ നേതൃത്വം നൽകി.
4. 9–11–2012 ന് ദ്വാരക സിയോൻ ചാപ്പലിൽ ജീസസ് യൂത്ത് ടീം മീറ്റിംഗും ജാഗരണ പ്രാർത്ഥനയും നടത്തി. 60 ലീഡേഴ്സ് പങ്കെടുത്തു.
5. 10–11–2012 ന് യുവജന കൂട്ടായ്മ ദ്വാരക സിയോൻ ചാപ്പലിൽ നടത്തി. 65 യുവജനങ്ങൾ പങ്കെടുത്തു. ജപമാല, പ്രെയ്സ് & വർഷിപ്പ്,

വി.കുർബാന, ദിവ്യകാരുണ്യ ആരാധന എന്നിവയിൽ യുവജനങ്ങൾ താല്പര്യത്തോടെ പങ്കുചേർന്നു. യുവജന ധ്യാനത്തിൽ പങ്കെടുത്ത അംഗങ്ങൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചത് ഏറെ പ്രചോദന കരമായി. ജീസസ് യൂത്ത് ടീം നേതൃത്വം നൽകി.

6. വിശ്വാസവർഷത്തിൽ വിശ്വാസത്തിൽ ആഴപ്പെടാനും, പ്രാർത്ഥന യിൽ വളരുവാനുമായി ജീസസ് യൂത്ത് മാനന്തവാടി സോൺ 'വിശുദ്ധ കുരിശിന്റെ പ്രയാണം' ആരംഭിച്ചു. നവംബർ 10-ാം തീയതി ദ്വാരക യിൽ നിന്ന് വെഞ്ചരിച്ച കുരിശ് ഫാ. മനോജ് കാക്കോനാൽ സോൺ കോർഡിനേറ്റർ ജോബി കൈതമനയ്ക്ക് കൈമാറി. ജീസസ് യൂത്ത് ലീഡേഴ്സിന്റെ ഭവനങ്ങളിലൂടെയാണ് വിശുദ്ധ കുരിശിന്റെ പ്രയാണം നടത്തുന്നത്. തിങ്കളാഴ്ചകളിൽ ഒരു വീട്ടിൽ എത്തുന്ന വി. കുരിശ് പ്രത്യേക പ്രാർത്ഥനകൾ നടത്തി ആ ഭവനത്തിൽ ഒരാഴ്ചത്തേക്ക് സ്ഥാപിക്കുന്നു. ഒരു വർഷംകൊണ്ട് പ്രയാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

7. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി ജീസസ് യൂത്ത് ലീഡേഴ്സ് എല്ലാവരും 'You cat' സ്വന്തമായി വാങ്ങി പഠനം ആരംഭിച്ചു.

**ഫാ. മനോജ് കാക്കോനാൽ**

ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ,

ആദ്യമായി നിങ്ങൾക്കേവർക്കും സമാഗതമാകുന്ന ക്രിസ്തുമസി ന്റെയും നവവത്സരത്തിന്റെയും ആയിരമായിരം മംഗളങ്ങൾ ആശംസി ക്കുന്നു. തിരുപ്പിറവിദിനത്തിൽ തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ച് മാനവരക്ഷ കൈവരിച്ച നല്ല ദൈവത്തെ നമുക്ക് മാലാഖമാ രോടു ചേർന്ന് സ്തുതിച്ച് ആരാധിക്കാം. ഡിസംബർ 1 മുതൽ ആരംഭി ക്കുന്ന നോമ്പുകാലത്ത് കഴിയുന്നതും എല്ലാ ദിവസവും ദിവ്യബലി യിൽ സംബന്ധിക്കുകയും, സാധ്യമാകുന്നവിധത്തിൽ പ്രാർത്ഥനയും പരിത്യാഗ പ്രവർത്തികളും അനുഷ്ഠിച്ച് യേശുനാഥനെ സ്വീകരിക്കു വാൻ നമുക്ക് ഒരുങ്ങുകയും ചെയ്യാം.

ക്രിസ്തുമസിനോടനുബന്ധിച്ച് ആത്മീയോപദേഷ്ടാവുമായി ആലോചിച്ച് ഓരോ കോൺഫ്രൻസും അവരവർക്ക് സൗകര്യപ്രദമായ ഒരു ദിവസം, ദത്തുകുടുംബങ്ങളെയും കൂട്ടി ഒരു ക്രിസ്മസ് ആഘോഷം നടത്തണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ കോൺഫ്രൻസ് അംഗ ങ്ങൾ ക്രിസ്മസ് ഫ്രണ്ടിനെ തിരഞ്ഞെടുക്കുകയും പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ പരസ്പരം കൈമാറുകയും ചെയ്യണമെന്ന് ഉദ്ബോധി പ്പിക്കുന്നു.

നമ്മുടെ നിയമാവലി (വകുപ്പ് -34) അനുശാസിക്കുന്നതനുസ രിച്ച് ഡിസംബർ 8 ന് പരിശുദ്ധ അമ്മയുടെ അമലോത്ഭവത്തിരുനാൾ ഓരോ കോൺഫ്രൻസും പ്രത്യേകമായി ആഘോഷിക്കേണ്ടതാണ്. അന്നേദിവസത്തെ ദിവ്യബലിക്കുള്ള തുക കോൺഫ്രൻസുകൾ വഹി ക്കേണ്ടതാണ്. അന്നേദിവസം ദിവ്യബലിയിൽ സംബന്ധിച്ച് നമ്മുടെ മാതൃരാജ്യത്തിനും, തിരുസഭയ്ക്കും, സംഘടനക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

**സി.സി. മീറ്റിംഗ്**

10-11-2012 ന് ശനിയാഴ്ച സി.സി. ഓഫീസിൽ വെച്ച് യോഗം നടന്നു. യോഗത്തിൽ മാനന്തവാടി എ.സി. യുടെ പുതിയ പ്രസിഡന്റായി

ബ്ര. ജോസഫ് കിഴക്കേടത്ത് സത്യപ്രതിജ്ഞ ചെയ്തു. കൂടാതെ ഓഫീസ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി മീനങ്ങാടി ഇടവകാംഗ മായ ബ്ര. കെ.പി. ജോൺ കണ്ണാട്ടുപറമ്പിലിനെ പ്രസിഡന്റ് നിയോഗി ക്കുകയും, അദ്ദേഹവും സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏൽക്കു കയും ചെയ്തു.

**മാനന്തവാടി എ.സി. പ്രസിഡന്റ് – അഡ്രസ്സ്**

ബ്ര. ജോസഫ് കിടക്കേടം, പോരൂർ

P.O. തലപ്പുഴ Pin–670645, ഫോൺ: 9544102140

**ഓഫീസ് സെക്രട്ടറി**

ബ്ര. കെ.പി. ജോൺ കണ്ണാട്ടുപറമ്പിൽ

P.O. കൃഷ്ണഗിരി (വഴി) മീനങ്ങാടി, ഫോൺ: 9605311631.

**യുവജനമത്സരങ്ങൾ**

നവംബർ മാസത്തെ ബുള്ളറ്റിനിൽ നിർദ്ദേശിച്ചതുപോലെ ഡിസം ബർ 15 ന് മുമ്പ് കോൺഫ്രൻസ് തലത്തിലും എ. സി. തലത്തിലും മത്സരങ്ങൾ നടത്തി. രൂപതാതലത്തിൽ മത്സരിക്കാൻ യോഗ്യരായവ രുടെ പേര് വിവരം 22–12 2012 ന് മുമ്പ് സി.സി യിൽ നൽകണം. സി. സി. തല മത്സരങ്ങൾ ഡിസംബർ 29 ന് ദ്വാരകയിൽ വെച്ച് നടത്തുന്ന താണ്.

**ഓസ്സാനാംഭവൻ ക്രിസ്തുമസ് ആഘോഷം**

ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം 22–12–12 ന് ശനി യാഴ്ച നടത്തുവാൻ തീരുമാനിച്ച വിവരം എല്ലാവരേയും അറിയിക്കു ന്നു. രാവിലെ 11 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 2 ന് തീരുന്ന വിധത്തി ലാണ് ആഘോഷപരിപാടികൾ. എല്ലാ എ. സി. പ്രസിഡന്റ്മാരും, സി. സി. ബോർഡ് അംഗങ്ങളും നിർബന്ധമായും പങ്കെടുക്കണം.

**എ. സി. തല സെമിനാറുകൾ**

വിശ്വാസവർഷത്തോടനുബന്ധിച്ചുള്ള സെമിനാറുകൾ എല്ലാ എ.സി. തലത്തിലും നടത്തുവാൻ എല്ലാവരും ഉത്സാഹിക്കേണ്ടതാണ്. ബത്തേരി എ. സി. യിൽ നവംബർ 13 ന് സെമിനാർ നടന്നു. രൂപതാ ടീം അംഗങ്ങൾ സെമിനാറിൽ ക്ലാസ്സെടുത്തു. ഡിസംബർ 2 ന് വാഴവറ്റ എ. സിയിലും, ഡിസംബർ 8 ന് കല്പ്പറ്റ, ചുണ്ടക്കര എ.സി കളിലും തോണിച്ചാലിൽ 2013 ജനുവരി 1 നു ശനിയാഴ്ചയും സെമിനാറുകൾ നടക്കുന്നുണ്ട്. എല്ലാവരും കുടുംബസമേതം സെമിനാറുകളിൽ സംബ ന്ധിക്കേണ്ടതാണ്.

**ജൂണിയർ കോൺഫ്രൻസുകൾ**

എല്ലാ ഇടവകകളിലും വേദപാഠ ക്ലാസ്സുകളിൽ പഠിക്കുന്ന 8, 9,

10 11, 12 ക്ലാസ്സുകളിലെ കുട്ടികളെ സംഘടിപ്പിച്ച് വികാരിയച്ചനും മത ബോധന ഹെഡ്മാസ്റ്ററും ആയി ആലോചിച്ച് 15 അംഗങ്ങളെങ്കിലും ഉള്ള ഓരോ ജൂണിയർ (യൂത്ത്) കോൺഫ്രൻസുകൾ സംഘടിപ്പിക്കുവാൻ എല്ലാ കോൺഫ്രൻസ് അംഗങ്ങളും ഉത്സാഹിക്കുമല്ലോ.

**വിദേശ കത്തുകൾ**

ക്രിസ്തുമസിനോടനുബന്ധിച്ച് ഇപ്പോൾ ടിന്നിംഗ് ലഭിക്കുന്നവ രും, ടിന്നിംഗ് നിന്നുപോയവരുമായ എല്ലാ കോൺഫ്രൻസുകളും ടിൻ കോൺഫ്രൻസുകൾക്ക് ക്രിസ്തുമസ് കാർഡും കത്തും അയയ്ക്കു വാൻ പ്രത്യേകം ശ്രദ്ധക്കുമല്ലോ. കത്തിന്റെ കോപ്പി എ. സി. മുഖാന്തിരം സി. സി. ഓഫീസിൽ ഏൽപ്പിക്കുവാൻ മറക്കരുത്.

**ഓസ്സാനാംഭവൻ സന്ദർശനം**

| | | |
|---|---|---|
| സെന്റ് ജൂഡ് അമരക്കുനി | - | 14-12-12 |
| സാൻതോം കോൺഫ്രൻസ് മരക്കടവ് | - | 16-12-12 |
| സെന്റ് സെബാസ്റ്റ്യൻസ് ഇരുളം | - | 18-12-12 |
| ഇൻഫന്റ് ജീസസ് പട്ടാണിക്കൂപ്പ് | - | 20-12-12 |
| സെന്റ് സെബാസ്റ്റ്യൻസ് ആടിക്കൊല്ലി | - | 21-12-12 |
| സെന്റ് മേരീസ് മുള്ളൻകൊല്ലി | - | 23-12-12 |

**തരിയോട് എ.സി.**

| | | |
|---|---|---|
| സെന്റ് തോമസ് ചെന്നലോട് | - | 26-12-12 |
| വിമല ചെന്നലോട് | - | 28-12-12 |
| സെന്റ് ഫ്രാൻസീസ് അസ്സീസി, മഞ്ഞൂറ | - | 30-12-12 |
| വിമല മഞ്ഞൂറ | - | 31-12-12 |
| സെന്റ് തെരേസ തരിയോട് | - | 2-01-13 |
| സെന്റ് തോമസ് (യൂത്ത്) തരിയോട് | - | 4-01-13 |
| സെന്റ് ജോർജ്ജ് കോട്ടത്തറ | - | 6-01-13 |

**തോണിച്ചാൽ എ.സി.**

| | | |
|---|---|---|
| ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ | - | 8-01-13 |
| സെന്റ് അൽഫോൻസ ദ്വാരക | - | 10-01-13 |
| സെന്റ് തെരേസ കൊമ്മയാട് | - | 12-01-13 |
| സെന്റ് ജൂഡ് തോണിച്ചാൽ | - | 15-01-13 |
| സെന്റ് മേരീസ് തോണിച്ചാൽ | - | 15-01-13 |

**ബ്രദർ എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**വിദ്യാർത്ഥികൾക്ക് ദ്വിദിന ക്യാമ്പ്**

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന 'കാസ' ലഹരി വിരുദ്ധ ക്ലബ്, വിദ്യാർത്ഥി നേതാക്കൾക്ക് വേണ്ടി നവംബർ 12, 13 തീയതികളിൽ നടവയൽ സെന്റ് തോമസ് എച്ച്. എസ്. എസ്. – ൽ വെച്ച് ദ്വിദിന ലഹരി വിരുദ്ധ നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് 23 വിദ്യാലയങ്ങളിൽ നിന്നായി 118 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു.

ക്യാമ്പിന്റെ ഉദ്ഘാടനം സെന്റ് തോമസ് എച്ച്. എസ്. എസ്. പ്രിൻസിപ്പാൾ ശ്രീ. എം. എം. ടോമി നിർവ്വഹിച്ചു. കെ.സി.ബി.സി. മദ്യ വിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. എച്ച്. എം. ശ്രീ. എൻ. യു. ടോമി സ്വാഗതം പറഞ്ഞു. ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുക്കുന്നേൽ, സി.ജോവിറ്റ എഫ്.സി.സി. എന്നിവർ ആശംസകൾ അർപ്പിച്ചു.

കോർപ്പറേറ്റ് മാനേജർ റവ. ഫാ. റോബിൻ വടക്കുംചേരി, സ്കൂൾ മാനേജർ റവ. ഫാ. ഷാജി മുളകൊടിയാങ്കൽ എന്നിവര് ക്യാമ്പ് സന്ദർശിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. വിവിധ വിഷയങ്ങളിൽ സി. ജോവിറ്റ എഫ്.സി.സി., ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീ. പി.എ. ജെയിംസ്, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.

ശ്രീ. രാജു വി. സി, ശ്രീ. ബേബി പേടപ്പാട്ട്, സി. മരിയ CMC സി. മരീന SH എന്നിവർ നേതൃത്വം നൽകി.

ക്യാമ്പിന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്ത് തന്നത് നടവയൽ ഹൈസ്കൂളിലെ പ്രധാനാധ്യാപകനും സഹപ്രവർത്തകരു

മായിരുന്നു. ഹെഡ്മാസ്റ്റർ എൻ. യു. ടോമി സാറിനും ശ്രീ. ജോജി സാർ, ശ്രീ. രാജൻ പൂതാടി സാർ, ശ്രീ. ജോൺ സാർ, ശ്രീ. കെ.ജെ. ജോസഫ് സാർ, ശ്രീ. സജി സാർ, ശ്രീമതി റെൻസി ടീച്ചർ, ശ്രീമതി ഷൈനി ജോർജ്ജ്, ശ്രീമതി ടെജി കെ.സി., ശ്രീ. ഷാജി ചന്ദനപറമ്പിൽ സാർ തുടങ്ങിയ അദ്ധ്യാപകർക്കും മറ്റു സഹപ്രവർത്തകർക്കും ഹൃദയ പൂർവ്വം നന്ദി അർപ്പിക്കുന്നു.

**കൗൺസിലിംഗ് കോഴ്സ്**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി എറണാകുളം രൂപത നടത്തിയ സംസ്ഥാനതല കൗൺസിലിംഗ് കോഴ്സ് പരിശീലനത്തിൽ രൂപത ആനിമേറ്റർ സി. ജോവിറ്റ എഫ്.സി.സി. യുടെ നേതൃത്വത്തിൽ സി. മരിയ സി. എം. സി, സി. മരീന എസ്.എച്ച് എന്നിവർ പങ്കെടുത്തു.

**ചേരിയംകൊല്ലിയിൽ മദ്യവിരുദ്ധ റാലിയും സമ്മേളനവും**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മദ്യനിരോധന സമിതി, കുടുംബശ്രീ അയൽക്കൂട്ടം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ചേരിയംകൊല്ലിയിൽ നിന്ന് ശാന്തിനഗറിലേക്ക് മദ്യവിരുദ്ധ റാലിയും ശാന്തിനഗറിൽ പൊതുയോഗവും നടത്തി. സമീപപ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന വ്യാജമദ്യ വിൽപ്പനയ്ക്കും അനധികൃത വിദേശമദ്യ വിൽപ്പനക്കുമെതിരായാണ് റാലിയും പൊതുസമ്മേളനവും നടത്തിയത്. സ്ത്രീകളും ആദിവാസികളും ഉൾപ്പെടെ ധാരാളം പേർ റാലിയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു.

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ റവ.ഫാ.തോമസ് കുറ്റിക്കാട്ടുകുന്നേൽ, വി.ജി. ശശി, സി. ജോവിറ്റ എഫ്. സി. സി, ശ്രീമതി മേരി ദേവസ്യ, ശ്രീ. പി. എ. ജെയിംസ് എന്നിവർ പ്രസംഗിച്ചു.

**കളക്ട്രേറ്റ് ധർണ്ണ**

മദ്യനിരോധന അധികാരം ത്രിതല പഞ്ചായത്തുകൾക്ക് തിരികെ നൽകുക എന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം സെക്രട്ടറിയേറ്റിന് മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന മദ്യനിരോധന സമിതി നേതാക്കളുടെ സമരത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് ആവശ്യങ്ങൾ അംഗീകരിച്ച് സമരം അവസാനിപ്പിക്കാൻ സർക്കാർ മുൻകൈ എടുക്കണമെന്നാവശ്യപ്പെട്ട് മദ്യവിരുദ്ധ ജനകീയമുന്നണി വയനാട് ജില്ലാ കളക്ട്രേറ്റിലേക്ക് മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു.

കൽപ്പറ്റ ഗവൺമെന്റ് ആശുപത്രി പരിസരത്ത് നിന്ന് ആരംഭിച്ച കളക്ട്രേറ്റ് മാർച്ചിൽ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് നൂറു കണക്കിന് ആളുകൾ പങ്കെടുത്തു.

കളക്ട്രേറ്റ് പടിക്കൽ നടത്തിയ ധർണ്ണ ജമ്മാ അത്താ ഇസ്ലാമി വയനാട് ജില്ലാ പ്രസിഡന്റ് ജനാബ് ബഷീർ സാഹിബ് നിർവ്വഹിച്ചു. മദ്യവിരുദ്ധ ജനകീയ മുന്നണി കൺവീനർ സി. ജോവിറ്റ എഫ്.സി.സി. അദ്ധ്യക്ഷത വഹിച്ചു. കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയെ പ്രതിനിധീ കരിച്ച് റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, വി.സി. രാജു, ബേബി പേടപ്പാട്ട്, സി. മരിയ, സി. മരീന എന്നിവരുടെ നേതൃത്വത്തിൽ 64 പ്രവർത്തകർ കളക്ട്രേറ്റ് മാർച്ചിൽ പങ്കെടുത്തു. പി. എ. ജെയിംസ്, ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ എന്നിവർ ആശംസകൾ നേർന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**

രൂപതാ പ്രസിഡന്റ്

# ജയിൽ മിനിസ്ട്രി



മിഷൻമാസത്തിലെ ജയിൽ സന്ദർശനത്തിന് ഒക്ടോബർ 21-ാം തീയതി വൈത്തിരി സബ്ജയിലിൽ വന്നത് കല്പ്പറ്റ സെന്റ് വിൻസെന്റ് ഡി പോൾ ഫൊറോന യൂണിറ്റ് കെ.സി.വൈ.എം. അംഗങ്ങളാണ്. അവരോടൊപ്പം കരിമ്പിൽ ഇടവകയിൽ നിന്നും വൈത്തിരി, ഒലിവുമല ഇടവകകളിൽ നിന്നും മിഷൻലീഗ്, കെ.സി.വൈ.എം., മാതൃസംഘടന, മതാദ്ധ്യാപകർ എന്നിവരും ജയിൽ സന്ദർശനത്തിനു വന്നു. വ്യത്യസ്ത കലാപരിപാടികളും തടവറക്കാരുമായുള്ള കൂടികാഴ്ചയും സന്ദർശനത്തിന്റെ ഭാഗമായി. സന്ദർശനത്തിനായി ഇവരെയെല്ലാം പ്രോത്സാഹിപ്പിച്ച് പറഞ്ഞയച്ചവരും കൂടെവന്നവരുമായ ബഹു. കൊച്ചറയ്ക്കൽ ജോസച്ചനും, ബഹു. പോൾ കൊരണ്ട്യാർകുന്നേൽ അച്ചനും, ബഹു. തോട്ടത്തിൽ റോണി അച്ചനും, അവരുടെ കൂടെ വന്ന് സഹകരിച്ച സഹായിച്ച എല്ലാ ബഹു. സിസ്റ്റേഴ്സിനും രൂപതാ ജീസസ് ഫ്രട്ടേണിറ്റിയുടെ നന്ദി അറിയിക്കുന്നു.

നവംബർ 10-ന് ഡീക്കൻ ജിൽസന്റെ നേതൃത്വത്തിൽ കമില്ലസ് സെമിനാരിയിൽ നിന്നും വൈദികവിദ്യാർത്ഥികൾ മാനന്തവാടി ജയിൽ സന്ദർശിച്ച് വിവിധങ്ങളായ കലാപരിപാടികളും തെറ്റുകളിൽ നിന്ന് പിന്തിരിയാൻ പ്രചോദനം നൽകുന്ന “ചിത്രശലഭങ്ങളുടെ കൂട്” എന്ന വീഡിയോ പ്രദർശനവും നടത്തി. ഇതിന് പ്രോത്സാഹനം കൊടുത്ത കമില്ലസ് സെമിനാരിയിലെ എല്ലാ ബഹു.അച്ചൻമാർക്കും സഹായിച്ച ബഹു. സി. സെലിൻ SABS നും മാനന്തവാടി രൂപത ജീസസ് ഫ്രട്ടേണിറ്റിയുടെ ആത്മാർത്ഥമായ നന്ദി.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

**ഫാം വയനാട്**

കാരിത്താസ് ഇന്ത്യ വയനാട്ടിലെ സന്നദ്ധ സംഘടനകളുടെ കൺസോർഷ്യം വഴി ജില്ലയിൽ നടപ്പിലാക്കിവരുന്ന ഫാം പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇന്ത്യ, ഓസ്ട്രേലിയ പ്രതിനിധികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസ്, തൃശ്ശിലേരി മാതൃകാ ജൈവഗ്രാമം എന്നിവ സന്ദർശിച്ച് ഫാം പ്രൊജക്ട് 3-ാം ഘട്ടം 2010 ൽ ആരംഭിച്ചതുമുതലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി, ഗുണഭോക്താക്കളുമായി ആശയവിനിമയം നടത്തുകയും പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു. മാതൃകാ ജൈവഗ്രാമത്തിൽ ആരംഭിച്ച, മാതൃകാ നെൽകൃഷി, ജൈവകാർഷിക നഴ്സറി, തൊഴിൽ സേന, മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണ വിപണന യൂണിറ്റ്, ഗ്രാമീണ വിജ്ഞാന വിനിമയ കേന്ദ്രം, ജൈവവള കീടനാശിനികളുടെ നിർമ്മാണ യൂണിറ്റ്, വൈകല്യമനുഭവിക്കുന്നവർക്കുള്ള പ്രത്യേക പാക്കേജ് എന്നിവ പ്രതിനിധികളുടെ പ്രത്യേക അഭിനന്ദനത്തിന് അർഹമായി. തുടർന്ന് പദ്ധതിയിലുൾപ്പെട്ട ഏഴ് എൻ ജി ഒ കളുടെ നേതൃത്വത്തിൽ മാനന്തവാടി WSSS ൽ വച്ചു നടന്ന പൊതുസമ്മേളനം മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. കാരിത്താസ് ഓസ്ട്രേലിയ പ്രൊജക്ട് ഓഫീസർ കൈലി സുബ്രമണ്യം, കാരിത്താസ് ഇന്ത്യ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി, കാരിത്താസ് ഇന്റർ നാഷണൽ NRM മാനേജർ ഡോ. വി. ആർ. ഹരിദാസ്, കെ.വി.കെ. അമ്പലവയൽ അസോസിയേറ്റ് പ്രൊഫസർ ശ്രീ. അബ്ദുൾ ജബ്ബാർ, കൃഷി വകുപ്പ് വയനാട് ജില്ലാ ഫാം മെക്കനൈസേഷൻ ഡിവിഷൻ അസി. എഞ്ചിനീയർ ശ്രീ. രാജേഷ്, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, ഫാം പ്രോഗ്രാം മാനേജർ ശ്രീ. ഈ. ജെ. ജോസ് എന്നിവർ പ്രസ്തുത യോഗത്തിൽ സംസാരിച്ചു. വിവിധ സംഘടനകൾ ജില്ലയിൽ നടപ്പിലാക്കിയ കാർഷിക പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ കാരിത്താസ് ഇന്ത്യ, ഓസ്ട്രേലിയ പ്രതിനിധികൾ സംതൃപ്തി രേഖപ്പെടുത്തി.

**ജനകീയ സംഘാടനം – SWS സെക്രട്ടറി മീറ്റിംഗ്**

സോഷ്യൽ വെൽഫയർ സൊസൈറ്റി സെക്രട്ടറിമാരുടെ മീറ്റിംഗ് ഒക്ടോബർ 10–ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ കല്പ്പറ്റ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ഫീൽഡ് ഓഫീസർ ശ്രീ. ശങ്കരൻകുട്ടി തേനീച്ച വളർത്തൽ എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. വിവിധ തരം തേനീച്ചകളെക്കുറിച്ചും അവയുടെ ജീവിത ഘട്ടത്തെക്കുറിച്ചും തേനിന്റെ മാഹാത്മ്യവും പ്രതിപാദിച്ചു.

**കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ഓർഗനൈസർമാരുടെ സമ്മേളനം**

ഒക്ടോബർ 23–ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് CDO മീറ്റിംഗ് നടത്തി. SWS തലത്തിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി. SWS – SRG കളുടെ ഓഡിറ്റിംഗ് കാര്യക്ഷമമായി നടത്തുവാനും എല്ലാ മാസവും റിപ്പോർട്ട് കൃത്യമായി നൽകുവാനും CDO മാർക്ക് നിർദ്ദേശം നൽകി.

**ബയോഗ്യാസ് വികസന പദ്ധതി**

കുഞ്ഞോം, യവനാർകുളം, മാനന്തവാടി, വരയാൽ തുടങ്ങിയ സ്ഥലങ്ങളിൽ നാല് ബയോ–ഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും, രണ്ട് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തു. കൊമ്മയാട്, ചീക്കലൂർ, ചുണ്ടയിൽ തുടങ്ങിയ സ്ഥലങ്ങളിൽ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു.

**കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം**

WADI മേഖലകളിൽ കുഞ്ഞോം, മാറാടി കോളനികളിൽ രണ്ട് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തീകരിച്ചു.

**വോഫ**

